


/220.92
PUT

ബൈബിളിലെ

# വീര ജവാന്മാർ

ബൈബിളിലെ

# വീരജവാന്മാർ

ഗ്രന്ഥകർത്താ :

പി. എം. ജേക്കബ്ബ്, പുതുപ്പള്ളി.

KENDRAM
17455

1972

CHRISTAVASHRAM PRESS, MANGANAM,
KOTTAYAM, KERALA

Price : 1.25

VEERA JAVANMAR

1st Edition: May 1972

Copies: 2000

Price: 1.25

M/220.92

Copyright reserved by the Author

Printed at
the Christavashram Press,
Manganam, Kottayam.

ACHARYA ★ ALWAYE ★ MT. ZEEVASS KENDRAM

# പ്രസ്താവന

സത്യത്തിനുവേണ്ടി ഏതു കാലത്തും സാക്ഷി നിന്നി രുന്ന ദൈവദാസന്മാർ കഷ്ടതയിൽക്കൂടി കടന്നുപോയ വരാണു്. ജോസഫ് അപമാനിക്കപ്പെട്ടുകയും ജയിലിൽ അടയ്ക്കപ്പെട്ടുകയും ചെയ്തു. പേപ്പട്ടിയെപ്പോലെ ശത്രുക്കൾ ദാവീദിനെ കാട്ടുകളിലും മലകളിലും അന്വേഷിച്ചുനടന്നു. മരിച്ച ക്രിസ്തു ഉയിർത്തെഴുന്നേററു എന്നു പ്രസംഗിച്ചതു കൊണ്ടു് സ്റ്റെഫാനോസ് രക്തസാക്ഷിയായി മരിച്ചു. നാല്പതുവട്ടം ചാട്ടയടി, കല്ലേറു്, ഒടുവിൽ മരണത്തിന്നും ഇരയായ പൗലൊസ് ഒരു ഉത്തമ ക്രിസ്തീയ പടയാളി ആയിരുന്നു. യേശുക്രിസ്തുവിന്റെ സാക്ഷ്യംനിമിത്തം യോ ഹന്നാൻ അപ്പൊസ്തലൻ പത്മോസ് ദ്വീപിലേക്കു് നാടു കടത്തപ്പെട്ടു.

ദൈവദാസന്മാരായിത്തീർന്നിട്ടുള്ളവർ എല്ലാവരും ദുഃഖത്തിൻെറ പാനപാത്രം കുടിച്ചിട്ടുള്ളവരാണു്. ഒരു മനുഷ്യശക്തിക്കും അവരെ സഹായിക്കുവാൻ സാധിച്ചി ട്ടില്ല.

പരീക്ഷക്കാലത്തു് ദൈവം തൻെറ ജനത്തെ മറന്നു കളയുമോ ? ന്യായവിധി ; ജലപ്രളയകാലത്തു് ജനങ്ങളെ സന്ദർശിച്ചപ്പോൾ നോഹയേയും കുടുംബത്തേയും രക്ഷ പ്പെടുത്തിയതു് എപ്രകാരമാണു് ? സോദോംഗോമോറായെ നശിപ്പിക്കാൻ ആകാശത്തുനിന്നു് അഗ്നി വർഷിച്ചപ്പോൾ ലോത്തിനെ ദൈവം കൈവിട്ടില്ലല്ലൊ ? ഏലിയാപ്രവാച കൻെറ നേരെയുള്ള ഇസബേൽ രാജ്ഞിയുടെ കോപ ത്തെ ദൈവം എപ്രകാരമാണു് കൈകാര്യം ചെയ്തതു് ?

തീച്ചൂളയിൽ വീണ മൂന്നു ബാലന്മാരെ ദൈവം മറന്നുവോ? സിംഹഗുഹയിൽ ഇടപ്പെട്ട ദാനീയേലിനെ ദൈവം രക്ഷിച്ചില്ലേ?

തൻെറ ദാസന്മാരെ ശത്രുക്കൾ ജയിലറകളിൽ അടച്ചാലും അവരും ദൈവവുമായിട്ടുള്ള നിരന്തര സഹവാസം ഒരു ശക്തിക്കും തട്ടുക്കുവാൻ സാധിക്കുകയില്ല. നമ്മുടെ ബലഹീനത, പ്രയാസങ്ങൾ സദാ കണ്ടുകൊണ്ടിരിക്കുന്ന സർവ്വശക്തൻ തൻെറ ദൂതന്മാരെ അയച്ച് അവക്കു സ്വർഗ്ഗീയ സമാധാനം നൽകുന്നു എന്നതിൻെറ അനുഭവ ചരിത്രമാണ് ഈ ചെറുപുസ്തകത്തിൻെറ ഉള്ളടക്കം.

ഗ്രന്ഥകർത്താ.

# അവതാരിക

മാതൃകാപരമായ പല സൽഗ്രന്ഥങ്ങളുടെയും കർത്താവാണ് ശ്രീ. പി. എം. ജേക്കബ്. അനുവാചക ഹൃദയങ്ങളിൽ ആഴമായി പതിയുന്ന ഗുണപാഠങ്ങളും, വ്യക്തിതെമുള്ള കഥാപാത്രങ്ങളും ജേക്കബ് സാറിന്റെ കൈമുതലുകളാണ്. ഈ ഗ്രന്ഥത്തിലെ മിക്ക കഥാപാത്രങ്ങൾ ബൈബിളിലെ വീരപുരുഷന്മാരാണ്. സത്യത്തിനുവേണ്ടി, ക്രിസ്തുവിനുവേണ്ടി, കഷ്ടത അനുഭവിച്ചവരാണ്. അങ്ങനെ ബൈബിളിലെ കഥാപാത്രങ്ങളായ യോഹന്നാൻ, തോമസ്സ്, പത്രൊസ്സ്, പൗലൊസ്സ്, യോസേഫ്, സ്തെഫാനൊസ് മുതലായവരെ അണിനിരത്തിക്കൊണ്ട് എഴുതിയിട്ടുള്ളതാണ് 'വീരജവാന്മാർ' എന്ന ഈ ചെറുഗ്രന്ഥം. കുട്ടികൾക്കും മുതിർന്നവർക്കും ഹൃദ്യമാണ് ഇതിന്റെ ശൈലി. അതുകൊണ്ട് സ്കൂളുകളിലും, പള്ളികളിലും മറെറല്ലാ ഭവനങ്ങളിലും ഈ ഗ്രന്ഥത്തിന് നല്ല സ്വീകരണം ലഭിക്കുമെന്നുള്ളതിൽ എനിക്കു സംശയമില്ല. ശ്രീ. പി. എം. ജേക്കബിന് എന്റെ ഹൃദയംഗമമായ ആശംസകൾ.

ക്രൈസ്തവാശ്രമം,
മാങ്ങാനം,
10-4-1972.

റവ. ഫാ. പി. ററി. തോമസ്സ്,

# വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | മാർത്തോമ്മാ ശ്ലീഹാ | 9 |
| 2. | യോഹന്നാൻ സ്നാപകൻ | 12 |
| 3. | വിശുദ്ധ പൗലൊസ് | 21 |
| 4. | പ്രവാചകൻ മൂസ്സസ് | 30 |
| 5. | സ്വപ്നക്കാരൻ ജോസഫ്. | 39 |
| 6. | ബാബിലോണിലെ ബാലന്മാർ | 48 |
| 7. | ഏലിയാ പ്രവാചകൻ | 60 |
| 8. | ''അവസാനത്തെ അപ്പൊസ്തലൻ'' | 67 |
| 9. | ഒന്നാമത്തെ രക്തസാക്ഷി | 71 |
| 10. | "ധീരനായ ഒരു യുവാവ്" | 76 |

# 1. മാർത്തോമ്മാ ശ്ലീഹാ

ദിവ്യനാഥൻെറ സമാധാന സന്ദേശം വഹിച്ചുകൊണ്ടു ഭാരതത്തിൽവന്നു നമ്മെ ഓരോരുത്തരേയും ദൈവമക്കളാക്കുന്നതിനുവേണ്ടി അത്യദ്ധ്വാനം ചെയ്തു് രക്തം ചിന്തിയ മഹാനാണു് തോമ്മാ ശ്ലീഹാ.

ക്രിസ്തുവിനെ അടുത്തറിഞ്ഞു പരിപൂർണ്ണമായി സ്നേഹിച്ചു; മാത്രമല്ല ജീവിതം മുഴുവൻ അദ്ദേഹത്തിനുവേണ്ടി സമർപ്പിച്ചു. യേശു സ്നേഹിച്ച ലാസറസ് സുഖക്കേടായിരിക്കുന്നുവെന്നു മനസ്സിലാക്കിക്കൊണ്ടു് ബഥാനിയിലേക്കു പുറപ്പെടുവാൻ ക്രിസ്തു തയ്യാറായപ്പോൾ, ശത്രുക്കൾ കല്ലെറിഞ്ഞു തന്നെ കൊല്ലുവാനിരിക്കുന്നു എന്നറിഞ്ഞ ശിഷ്യഗണം അദ്ദേഹത്തെ തടഞ്ഞു. പക്ഷേ തോമ്മാ ശ്ലീഹായുണ്ടോ അതു വകവെയ്ക്കുന്നു ? 'നമുക്കും അവനോടുകൂടെ പോയി മരിക്കാം' എന്നു പറഞ്ഞുകൊണ്ടു് ക്രിസ്തുവിനോടുകൂടെ പോകുവാനും വേണ്ടിവന്നാൽ മരിക്കുവാനും മററു് ശിഷ്യരെ പ്രോത്സാഹിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്തുകൊണ്ടു് തനിക്കു ക്രിസ്തുവിനോടുള്ള അവർണ്ണനീയമായ സ്നേഹം വ്യക്തമാക്കി.

ശ്ലീഹാ അവിശ്വാസിയോ ?

ക്രിസ്തുവിനെ സർവ്വാത്മനാ സ്നേഹിക്കുകയും യേശുവിനുവേണ്ടി ജീവൻ ഹോമിക്കുവാൻപോലും തയ്യാറാകുകയും ചെയ്ത തോമ്മാ ശ്ലീഹാ അവിശ്വാസിയോ ? അദ്ദേഹത്തെ അവിശ്വാസി എന്നു് വിളിക്കുന്നതു ശരിയോ ? ശേഷം ശ്ലീഹന്മാർ പലപ്പോഴും തെററിപ്പോയിട്ടില്ലേ ? വെള്ളത്തിൻെറ മുകളിൽക്കൂടി നടന്നുവന്ന യേശുവിനെ

തൻെറ ശിഷ്യഗണം ഭൂതമായി കരുതിയില്ലെ? മരിച്ച് മൂന്നുദിനം കഴിഞ്ഞിട്ട് ഉയിർത്തെഴുന്നേററു. 'നിങ്ങൾക്കു സമാധാനം, ഞാനാകുന്നു; നിങ്ങൾ ഭയപ്പെടേണ്ടാ' എന്നു ശിഷ്യന്മാരോട്ട് നമ്മുടെ അരുമനാഥൻ അരുളിച്ചെയ്തപ്പോൾ 'അവർ ഞെട്ടി ഭയപ്പെട്ടു; എന്തെന്നാൽ അവർ ഭൂതത്തെ കാണുന്നു എന്നു അവർ വിചാരിച്ചു.'

യേശുവിനെ നേരിട്ടു കണ്ടിട്ടും വിശ്വാസം വരായ്കയാൽ യേശു വീണ്ടും അരുളിച്ചെയ്തു: 'ഞാനാകുന്നു എന്റെ കൈകളും കാലുകളും, കാണുവിൻ എന്നെ തൊട്ടുനോക്കി അറിയുവിൻ; എനിക്കുള്ളതായി നിങ്ങൾ കാണുന്നതുപോലെ ഭൂതത്തിനു മാംസവും അസ്ഥികളും ഇല്ലല്ലൊ.' മാത്രമല്ല അവരുടെ വിശ്വാസത്തിൻെറ ഉറപ്പിന്നായി അവർ കാൺകെ ഭക്ഷണം കഴിച്ചു. അപ്പോൾ ശിഷ്യന്മാർ ക്രിസ്തുവാണെന്നു വിശ്വസിച്ചു.

'ക്രിസ്തു ഉയിർത്തെഴുന്നേററു ഞങ്ങൾ യേശുവിനെ കണ്ടു' എന്നു മററു ശിഷ്യന്മാർ പറഞ്ഞപ്പോൾ 'ഞാൻ അവൻെറ കൈകളിൽ ആണികളുടെ പഴുതുകൾ കാണുകയും അവയിൽ എൻെറ വിരലുകൾ കടത്തുകയും അവൻെറ വിലാപ്പുറത്ത് എന്റെ കൈ ഇടുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കയില്ല' എന്നു പറഞ്ഞതു തോമ്മാ ശ്ലീഹായാണ്. പിന്നീട് ഈ മഹാ അനുഗ്രഹം ക്രിസ്തുവിൽനിന്നു തനിക്കു ലഭിച്ചു.

'എൻെറ കർത്താവെ, എൻെറ ദൈവമെ' എന്ന് ഉച്ചരിച്ചുകൊണ്ട് യേശുവിൻെറ ദൈവത്വത്തെ ഏററു പറഞ്ഞു എന്നു മാത്രമല്ല, ആ സത്യം ഭാവിതലമുറയ്ക്കു സംശയത്തിനുപോലും ഇടംകൊടുക്കാതിരിക്കുവാൻ തക്കവണ്ണം വ്യക്തമാക്കുവാനും തോമ്മാ ശ്ലീഹായ്ക്കു സാധിച്ചു.

പാത്ഥ്യ, മേദിയ, പേർഷ്യ, ഹിക്കാനീർ. ബറ്റിറിയാ തുടങ്ങിയ രാജ്യങ്ങളിൽ വേദപ്രചരണം നടത്തിയ ശേഷം മലങ്കരയിൽ പ്രവേശിച്ചു. ആദ്യം കൊടുങ്ങല്ലൂരിലും, പിന്നെ ചാവക്കാട്ട്, നിരണം, ചായൽ (നിലക്കൽ റാന്നിയിൽനിന്നു് ഏകദേശം പതിനാറു് മൈൽ കിഴക്കു് ഇപ്പോൾ വനനിബിഡമായിരിക്കുന്ന പ്രദേശം), കൊല്ലം മുതലായ സ്ഥലങ്ങളിൽ സുവിശേഷഘോഷണം നടത്തി അനേകം ഉൽകൃഷ്ടകുടുംബങ്ങളിലെ ഹിന്ദുക്കളെ ക്രിസ്ത്യാനികളാക്കി പള്ളികളും സ്ഥാപിച്ചു. അങ്ങനെ നാമും വിശുദ്ധ തോമ്മാ ശ്ലീഹായുടെ ആത്മീയ പുത്രന്മാരായിത്തീർന്നു.

പിന്നീട്ട് മദ്രാസിനു് അടുത്തുള്ള മൈലാപ്പൂരിൽ വെച്ചു് ശത്രുക്കളുടെ പീഡനം ഏററു് ക്രിസ്ത്വാബ്ദം അൻപത്തിഎട്ടിനോട്ട് അടുത്തു വീരചരമം പ്രാപിച്ചു എന്നാണു് അറിയപ്പെടുന്നതു്.

വിശ്വാസത്തിൻെറ നായകാ !
ഈ നിൻെറ യോദ്ധാവെ
വിശ്വസ്തനായി കാക്കുക
നൽ അന്ത്യത്തോളമെ—

# 2. യോഹന്നാൻ സ്നാപകൻ

'അവൻ കർത്താവിൻെറ സന്നിധിയിൽ വലിയവൻ ആകും. വീഞ്ഞും മദ്യവും കുടിക്കയില്ല. അമ്മയുടെ ഗർഭത്തിൽ വെച്ചുതന്നെ പരിശുദ്ധാത്മാവുകൊണ്ടു നിറയും.' (ലൂക്കോ. 1: 15).

സ്വർഗ്ഗീയ റിക്കാർഡിൽ യോഹന്നാൻ വലിയവൻ എന്നു ക്രിസ്തു പറഞ്ഞിരിക്കുമ്പോൾ മനുഷ്യരിൽ അവനേക്കാൾ മഹാന്മാരില്ല എന്നു ആദ്യമായി നാം മനസ്സിലാക്കിയിരിക്കണം. സ്വർഗ്ഗത്തിലെ ദൂതൻ, യോഹന്നാൻ ജനിക്കുന്നതിനു മുമ്പ് അവൻെറ മാതാപിതാക്കന്മാർക്ക് ചില നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ട്.

വാർദ്ധക്യ കാലത്തിലെ സന്താനമാണ് യോഹന്നാൻ സ്നാപകൻ. അതിശയത്തിൻെറ കുഞ്ഞ്. ദൈവവേല ചെയ്യേണ്ടവൻ. ആയതുകൊണ്ട് മാതാപിതാക്കന്മാർ ഗ്രാമവാസം തിരഞ്ഞെടുത്തു. പട്ടണത്തിൽ പരീക്ഷയ്ക്കുള്ള സാഹചര്യം ധാരാളമുണ്ടായിരുന്നതിനാൽ ഗ്രാമ ജീവിതത്തിൽ അവൻെറ ആഹാരം വസ്ത്രം ഇവ വളരെ ലളിതമായിരുന്നു. ധ്യാനത്തിനൊ പ്രാർത്ഥനയ്ക്കൊ തടസ്സമായതു് ഒന്നും മരുഭൂമിവാസത്തിൽ ഇല്ലായിരുന്നു. ഈ ദൈവമനുഷ്യനെ പരീക്ഷിപ്പാൻ സാത്താൻ അവിടെയും ചെന്നിരുന്നു എങ്കിലും അവൻെറ ഉന്നതമായ സ്വഭാവം അവനെ കീഴടക്കി—പരിശുദ്ധാത്മാവ് അവനിൽ സദാ നേരവും ആവസിച്ചിരുന്നു.

ഒരിക്കലും എത്തിപ്പോകാത്ത ഭണ്ഡാരത്തിലെ പ്രബോധനങ്ങൾ പ്രകൃതിയാകുന്ന പുസ്തകത്തിൽകൂടി യോഹ

ന്നാൻെറ ജീവിതത്തിനു് സഹായം നൽകി. വളരെ എരിവോടെ പരിശുദ്ധ ജീവിതം നയിക്കുന്നതിനു മനുഷ്യരെ ആഹ്വാനം ചെയ്തുവന്നു. ആ മരുഭൂമിയിലെ പാറപോലെ മുപ്പതു വർഷക്കാലം അവൻ ഉറച്ചുനിന്നു.

*ഏലിയാവിൻെറ ആത്മാവിൽ*

'അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിച്ചുകൊണ്ടു് ഒരുക്കമുള്ളോരു ജനത്തെ കർത്താവിനു വേണ്ടി ഒരുക്കുവാൻ അവനു മുമ്പായി ഏലിയാവിൻെറ ആത്മാവോടും ശക്തിയോടുംകൂടെ നടക്കും' (ലൂക്കോ. 1: 17).

ദൈവത്തിൻെറ ഈ വലിയ വേലയ്ക്കു് സഖരിയാ പുരോഹിതൻെറ മകനെ ദൈവം തിരഞ്ഞെടുത്തു—പരിശുദ്ധമായ ദൂതു് മനുഷ്യർക്കു് കൊടുക്കുവാൻ. ഈ വേല നിറവേററുവാൻ മാനസികവും ശാരീരികവുമായ ശക്തി ആവശ്യമാണു്.

യോഹന്നാൻ സ്നാപകൻെറ ജീവിതം അല്പകാലം കൊണ്ടു് 'ദേശത്തു' എല്ലാടവും അറിയപ്പെട്ടു. ക്രിസ്തുവിൻെറ രണ്ടാമത്തെ വരവിൽ മനുഷ്യർ തയ്യാറാകുന്നതിനുള്ള വേല, ഒരു മുൻകുറി ആയിരുന്നു.

*ശക്തിയായ ദൂതു്*

'അല്ലയോ യിസ്രായേലെ നിൻെറ ദൈവത്തെ എതിരേല്പാൻ ഒരുങ്ങിക്കൊള്ളുക' (ആമോസ് 4: 12).

മരുഭൂമിവാസം, പ്രകൃതിയിൽകൂടി ദൈവത്തിൻെറ വെളിപ്പാടു് അവൻ മനസ്സിലാക്കി. മഹിമയേറിയ ദർശനം നിറവേററുന്നതു വരെ രാത്രിയും പകലും അവൻെറ

ധ്യാനം ക്രിസ്തുവിനെപ്പററിയായിരുന്നു. അവൻ വിളം ബരം ചെയ്യുവാൻ പോകുന്ന ദൂതു് ദൈവത്തിൽ നിന്നാണു്. ദൈവശക്തിയാൽ അവൻ അതു് കൈകാര്യം ചെയ്തു. സ്വർഗ്ഗീയ ദൂതുവാഹകനായി പോകുവാൻ അവൻ തയ്യാറായി.

കർത്താവു് ആകാശമേഘങ്ങളിൽ വരുന്നതിനു മുമ്പു് യോഹന്നാൻ സ്നാപകൻെറ വേല നാമും ഈ കാലത്തു് ചെയ്യേണ്ടതായിട്ടുണ്ടു്. കർത്താവിൻെറ ഭയങ്കര ദിവസത്തെ അഭിമുഖീകരിക്കുന്നതിനു ജനങ്ങളെ തയ്യാറാക്കുന്നതിനു് ദൈവം നമ്മെ വിളിക്കുന്നുണ്ടു്. ക്രിസ്തുവിന്റെ വരവിനു സാക്ഷ്യം വഹിക്കുവാൻ 'നിൻെറ ദൈവത്തെ കാണുന്നതിനു് ഒരുങ്ങിക്കൊള്ളുക.' രാജാവിനെ അവൻ താക്കീതു ചെയ്തു. യോഹന്നാനു് വരാവുന്ന അപകടം അവൻ അറിഞ്ഞിട്ടും ദൈവത്തിൻെറ ദൂതു് അവൻ മറച്ചു വെച്ചില്ല. ഇതുപോലെ നമ്മുടെ ജോലി ചെയ്തു തീർക്കുന്നുണ്ടോ? തൻകാര്യം ഉപേക്ഷിച്ചു് യോഹന്നാൻെറ ദൂതു് സ്വീകരിക്കുക. അപകടം ഉണ്ടാകും എങ്കിലും നാം ദൈവസന്നിധിയിൽ വലിയവർ ആകും.

*ജീവനുള്ള യാഗം*

'നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി അർപ്പിപ്പിൻ' (റോമ. 12: 1).

ക്രിസ്തീയ ജീവിതത്തിനു് ആരോഗ്യ നവീകരണം ആവശ്യമാണു്. മനുഷ്യപുത്രൻെറ വരവിനു മുമ്പു് മനുഷ്യരെ ഒരുക്കുന്ന ഒരു വേലയുടെ ഭാഗമാണു് ആരോഗ്യ നിയമത്തെക്കുറിച്ചുള്ള ഉപദേശം. ഏലിയാവിൻെറ ആത്മാവോട്ടും ശക്തിയോട്ടുംകൂടെ ദൈവത്തിൻെ വഴി ഒരുക്കുന്നതിനായി യോഹന്നാൻ പുറപ്പെട്ടു.

ലോക സ്നേഹിതന്മാരിൽനിന്നും ധാരാളിത്തമായ ജീവിത നിലയിൽനിന്നും യോഹന്നാൻ മാറിനിന്നുള്ള ജീവിതമായിരുന്നു എന്നു നമുക്കു കാണുവാൻ സാധിക്കും. ഒട്ടകരോമംകൊണ്ടുള്ള കുപ്പായം ആ കാലത്തെ പുരോഹിതന്മാർക്ക് ഒരു അടി തന്നെ ആയിരുന്നു. അവൻെറ ആഹാരമൊ ലളിതം. അമിത ആഹാരം ദൈവത്തിനു് ഇഷ്ടമല്ലല്ലൊ. നമ്മുടെ ശരീരം ആർക്കുള്ളതു് എന്നു് ഒന്നു ചിന്തിച്ചാലും ശരീരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കുമെന്നല്ലെ പ്രമാണം. നമ്മുടെ ശരീരം ദൈവത്തിന്റെ ആലയം, അതിൽ അല്ലെ പരിശുദ്ധാത്മാവു് കുടി കൊള്ളുന്നതു്. ആയതിനാൽ നമ്മുടെ വാക്കുകൾകൊണ്ടൊ ഭക്ഷണംകൊണ്ടൊ പ്രവൃത്തിദോഷംകൊണ്ടൊ മലിനമാക്കാതെ ഇരിക്കുക. നമ്മുടെ ശരീരം വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ളതും ആയിരിക്കണം.

*വേർപ്പെട്ട ജീവിതം ചെയ്യുവാൻ തയ്യാറാകുക*

'ലോകത്തിൻെറ പാപത്തെ ചുമക്കുന്ന ദൈവത്തിൻെറ, കുഞ്ഞാട്'' (യോഹ. 1: 29).

കുറെക്കാലത്തേക്കു് രാജാക്കന്മാർ, പുരോഹിതന്മാർ ഭരണകർത്താക്കൾ എന്നിവരേക്കാൾ യോഹന്നാൻെറ പേരു വളരെ പ്രസിദ്ധി ആർജ്ജിച്ചിരുന്നു. അവൻ യഹൂദന്മാരുടെ രാജാവു് എന്നുപോലും ആളുകൾ പറഞ്ഞു തുടങ്ങി. എന്നാൽ അവൻ വേറെ ഒരുത്തനെ ലോകത്തിനു കാണിച്ചുകൊടുത്തു. നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ തന്നെ. ജനം രക്ഷകൻെറ അടുക്കലേക്കു് പോകാൻ തുടങ്ങി. അവൻെറ അടുക്കൽ വരുന്ന ആളുകൾ കുറയാൻ തുടങ്ങി. യോഹന്നാൻെറ ശിഷ്യന്മാർ പറഞ്ഞു: 'റബ്ബി, യോർദ്ദാൻ അക്കരെയുള്ളവൻ നാം സാക്ഷി പറഞ്ഞവൻ അവൻെറ അടുക്കൽ വരുന്നവരെ സ്നാനം കഴിപ്പിക്കുന്നുവല്ലൊ.'

ദൈവത്തിൻെറ ദിവ്യ സ്നേഹത്താൽ യോഹന്നാനെ രൂപാന്തരപ്പെടുത്തിയിരുന്നു. രക്ഷകൻെറ വേലയുടെ വിജയത്തെക്കുറിച്ചാണു് യോഹന്നാൻെറ സന്തോഷം. ദൈവകുഞ്ഞാടിനെ മനുഷ്യർക്കു് അവൻ കാണിച്ചുകൊടുത്തു. മരുഭൂമിയിൽ വിളിച്ചുപറയുന്നവൻെറ ശബ്ദം. ക്രിസ്തുവിൻെറ സ്നേഹം നമ്മുടെ തൻകാര്യം ഇല്ലാതാക്കുന്നു.

*'ഞാൻ കുറയണം അവൻ വളരണം'*

(യോഹ. 3: 29, 30).

ലോകചരിത്രത്തിൽ ഏതു കാലത്തും ദൈവവേല ചെയ്യുന്നതിനും ദൈവത്തിനു് ആളുകൾ ഉണ്ടു്. പ്രത്യേക വേലയ്ക്കുവേണ്ടിയാണു് യോഹന്നാൻ ജനിച്ചതു്. യോഹന്നാൻെറ ശിഷ്യന്മാർ അവനെ വിട്ടു ക്രിസ്തുവിനെ പിന്തുടരുന്നതിനെ കുറെം പറഞ്ഞപ്പോൾ അവൻ മശിഹായെ അവർക്കും വളരെ സ്പഷ്ടമായി മനസ്സിലാക്കി കൊടുക്കുകയാണു് ചെയ്തതു്.

യോഹന്നാൻ സ്നാപകൻ ഒരു നവീകരണകർത്താവായി വിളിക്കപ്പെട്ടു. എന്നാൽ ക്രിസ്തീയസഭയുടെ അടിസ്ഥാനം ഇടുന്നതിനു് അവൻ മതിയായവനല്ലായിരുന്നു. അവന്റെ വേല അവസാനിക്കാറായപ്പോൾ വേറെ ഒരു വേല തുടങ്ങണം. അതു് അവൻെറ ശിഷ്യന്മാർക്കു് അജ്ഞാതമായിരുന്നു. പുതിയ വേല ഏറെറടുക്കുവാൻ വരുന്ന യേശുവിനെ കണ്ടിട്ടു് അവർക്കു് അല്പം നീരസം ഉണ്ടായി.

പ്രത്യേക വേലയ്ക്കായി ഇതുപോലെ ദൈവം ആളുകളെ വിളിക്കുന്ന അവസരം ഈ തരത്തിലുള്ള അപകടങ്ങൾ ഉണ്ടാകാവുന്നതാണു്. യോഹന്നാനെപ്പോലെ 'അവൻ വളരട്ടെ ഞാൻ കുറയട്ടെ' എന്നു നമുക്കു പറയാം; അങ്ങനെയെങ്കിൽ നാം ഭാഗ്യവാന്മാർ.

*എന്താണ് അവനെ വലുതാക്കിയത്*

'സ്ത്രീകളിൽനിന്നു ജനിച്ചവൻ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ഇല്ല' (മത്താ. 11: 11).

ഉയരത്തിൽനിന്നു ലഭിച്ച ജ്ഞാനം നിമിത്തം യഹൂദപുരുഷാരത്തിൻെറ മനസ്സിനെ അവൻ അടക്കി. ജനനാൽതന്നെ പരിശുദ്ധാത്മാവ് നിറഞ്ഞവനായിരുന്നു. ക്രിസ്തുവിൻെറ മുന്നോടിയായ യോഹന്നാൻ ലോകപ്രേരണങ്ങൾക്ക് കീഴ്‌വഴങ്ങിയില്ല. അവൻ വലിയവൻ എന്ന് ക്രിസ്തുതന്നെ പറഞ്ഞു.

*ക്രിസ്തുവിനുവേണ്ടി ജയിലിൽ*

'വിശ്വസിക്കുക മാത്രമല്ല അവൻ നിമിത്തം കഷ്ടം സഹിക്കുകയും ചെയ്യണം' (ഫിലി. 1: 29).

ക്രിസ്തുവിന്റെ രാജ്യത്തെക്കുറിച്ച് ആദ്യമായി പ്രസംഗിച്ചതും ആദ്യമായി കഷ്ടം സഹിച്ചതും നമ്മുടെ കഥാനായകനാണ്. ജയിൽ ഭിത്തിക്കുള്ളിൽ അടയ്ക്കപ്പെട്ട് ആഴ്ചകൾ, മാസങ്ങൾ ഇവ കഴിഞ്ഞിട്ടും യോഹന്നാൻ സ്നാപകനു് അധൈര്യം ഉണ്ടായില്ല, അവൻെറ ശിഷ്യന്മാർ തന്നെയും ചോദ്യം ചെയ്തു്, ഈ പുതിയ ഉപദേഷ്ടാവ് മശിഹാ ആയിരുന്നെങ്കിൽ എന്തുകൊണ്ട് യോഹന്നാനെ തടവിൽനിന്നു രക്ഷിക്കാത്തതു് ?

യേശുവിൻെറ ശിഷ്യന്മാരെപ്പോലെ യോഹന്നാൻ സ്നാപകനും ക്രിസ്തുരാജ്യത്തിൻെറ പ്രകൃതി മനസ്സിലായില്ല. ദാവീദിൻെറ സിംഹാസനം യേശുക്രിസ്തു ഏറ്റുകവാൻ വരുന്നു എന്നാണ് പരക്കെയുള്ള വിശ്വാസം. വളരെ ദിവസങ്ങൾ കഴിഞ്ഞിട്ടും രാജകീയമായ ഒരു അധികാരവും ക്രിസ്തു ഏറ്റുത്തു കണ്ടില്ല. യോഹന്നാൻ ഇവിടെ അസ്വാസ്ഥ്യപ്പെട്ടിരിക്കുന്നുണ്ടായിരിക്കാം. യേശുവിൻെറ അടുക്കൽ

അവൻ അവൻെറ ശിഷ്യന്മാരെ അയയ്ക്കുന്നു. അവൻെറ രണ്ടു ശിഷ്യന്മാർ യേശുവിൻെറ അടുത്തു വന്നു. 'വരുവാൻ ഉള്ളവൻ നീയോ, അതൊ വേറെ ഒരുത്തനുവേണ്ടി കാത്തിരിക്കണമൊ ?' രക്ഷകൻ ഉടനെ അവക്ക് ഉത്തരം നല്കിയില്ല. യോഹന്നാൻെറ ശിഷ്യന്മാർ അവിടെ നിൽക്കുമ്പോൾ തന്നെ ദീനക്കാർ സൗഖ്യമാകുന്നതും അവരോട് ക്രിസ്തു ഉപദേശിക്കുന്നതും അനേകം അത്ഭുതങ്ങളും അവർ കാണുകയും കേൾക്കുകയും ചെയ്തു. ഒടുവിൽ യേശു അവരെ വിളിച്ച് നിങ്ങൾ കണ്ടതും കേട്ടതും സാക്ഷിയായി യോഹന്നാൻ സ്നാപകനെ അറിയിക്കുക എന്നു മാത്രം പറഞ്ഞു.

ശിഷ്യന്മാർ ആ ദൂതു വഹിച്ച് യോഹന്നാനെ അറിയിച്ചു. അതു് ധാരാളം മതിയായവ ആയിരുന്നു. ക്രിസ്തുവിൻെറ വേല മശിഹാ എന്നു തെളിയിച്ചതു മാത്രമല്ല ഏതുരീതിയിലാണ് മശിഹാ രാജ്യം സ്ഥാപിക്കാൻ പോകുന്നതു് എന്നതും അവനു മനസ്സിലായി. ക്രിസ്തുവിൻെറ മിഷ്യൻ യോഹന്നാനു് ബോദ്ധ്യമായി. അവസാനം സത്യത്തിനും നീതിക്കും രാജാവിൻെറ തെററിനെ മടികൂടാതെ എടുത്തു കാണിച്ചതിനാൽ രാജാവു് അവൻെറ തല വെട്ടികളയുകയാണ് ചെയ്തതു്.

*ഉന്നതമായ സ്ഥാനം*

'ശരീരത്തെ കൊല്ലുന്നവനെ അല്ല, ആത്മാവിനേയും ശരീരത്തേയും കൊല്ലുന്നവനെ അത്രെ ഭയപ്പെടുന്നതു്' (മത്താ. 10: 28).

ക്രിസ്തുവിൻെറ കഷ്ടപ്പാടിൻെറ ഒരു ഓഹരി താൻ ആദ്യമായി വഹിക്കുകയാണ് ചെയ്തതു്. യോഹന്നാൻ സ്നാപകൻെറ കഥ നാം പഠിക്കുകയും ചിന്തിക്കുകയും ചെ

യ്യുമ്പോൾ ദൈവത്തിലുള്ള നമ്മുടെ വിശ്വാസം ഉറയ്ക്കുക യാണു്.

തൻെറ ദാസനെ ജയിലിൽനിന്നു മോചിപ്പിക്കുന്ന തിനായി ഒരു യത്നവും ഞാൻ ചെയ്തില്ല. യേശുവിനു യോഹന്നാനെ ജയിലിൽനിന്നു വിടുവിക്കാൻ ശക്തിയുണ്ടായിരുന്നു. അവൻ അതു ചെയ്തില്ല. എന്തുകൊണ്ടു്? ആ പരിശോധന കടക്കേണ്ടതാണു്. ശത്രുക്കളുടെ മുമ്പാകെ അവരെ ഭയപ്പെടുത്തി തൻെറ മിഷൻ വേല പൂർത്തിയാകാതെ ഇരിപ്പാൻ തനിക്കു സാദ്ധ്യമല്ല. രക്തസാക്ഷിയുടെ പാനപാത്രം യോഹന്നാൻ കുടിച്ചതുപോലെ അനേകായിരങ്ങൾ ഓരോ കാലയളവിൽ അപ്രകാരം ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കാനുള്ളതുകൊണ്ടു് എല്ലാവർക്കും മുന്നോടിയായി യോഹന്നാൻെറ തല ഛേദിക്കപ്പെട്ടു. ക്രിസ്തുവും ഇതെ അനുഭവത്തിൽ കൂടി കടന്നുപോയി. ഇതാണു് ദൈവത്തിൻെറ കൂട്ടുവേലക്കാർ.

രൂപാന്തരപ്പെട്ട സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ട ഹാനോക്കും അഗ്നിരഥത്തിൽ സ്വർഗ്ഗത്തിലേക്കു പോയ ഏലിയാവും ജയിലിൽ കിടന്നു മരിച്ച യോഹന്നാനെക്കാൾ വലിയവനല്ല, 'ക്രിസ്തുവിനെ വിശ്വസിക്ക മാത്രമല്ല അവനുവേണ്ടി കഷ്ടം സഹിക്കുകയും വേണം' ക്രിസ്തുവിൻെറ കഷ്ടതയിൽ അവനോടുകൂടെ കൂട്ടായ്മ കാണിക്കുന്നവർക്കാണു് സ്വർഗ്ഗം നൽകുന്ന ദാനം.

*ഒരു സത്യസാക്ഷി*

'യോഹന്നാൻ അടയാളം ഒന്നും ചെയ്തില്ല. എന്നാൽ ഇവനെക്കുറിച്ചു് യോഹന്നാൻ പറഞ്ഞതു് ഒക്കെയും സത്യമായിരുന്നു എന്നു പറഞ്ഞു. അവിടെ പലരും അവനെ വിശ്വസിച്ചു.' (യോഹ. 10: 4).

യോഹന്നാൻ സ്നാപകൻെറ ജനനത്തിനു മുൻപ് ദൈവദൂതൻ പറഞ്ഞതു് 'കർത്താവിൻെറ ദൃഷ്ടിയിൽ അവൻ വലിയവനാകും' (ലൂക്കോ. 1: 15).

വലിയവൻ ആകുക എന്നു വെച്ചാൽ എന്താണു്? ഈ പ്രസ്താവന ആദ്ധ്യാത്മികമായിട്ടാണു് എന്നു നാം മനസ്സിലാക്കണം. ഭക്തിയുടെയും സ്വഭാവ നൈമ്മല്യത്തിൻെറയും ഒരു കണക്കുകൂട്ടൽതന്നെ. കർത്താവിൻെറ സന്നിധിയിൽ വലിയവൻ. സന്നിദ്രീംസംഘത്തിൻെറ മുമ്പാകെയൊ തൻെറ സ്വന്ത ശിഷ്യന്മാരുടെ മുമ്പാകെയൊ വലിയവനാകാൻ ഇഷ്ടമില്ലാതെ വാഗ്ദത്തസന്തതിയായ യേശുവിനെ മററുള്ളവക്കു ചൂണ്ടിക്കാണിച്ചു കൊടുത്തു.

എന്നാൽ അവനു് ഒരു സങ്കടമുണ്ടായിരുന്നതു് അവൻെറ സമയം. മരുഭൂമിയിൽ ചെലവഴിച്ചു എന്നുള്ളതുകൊണ്ടു് മാത്രമായിരിക്കണം. അവൻെറ വേലയുടെ ഫലവും അവനു് കാണുന്നതിനു സാധിച്ചില്ല എന്നുള്ളതുമായിരുന്നു.

ക്രിസ്തുവിൻെറ വേല, അവൻെറ മഹിമ യോഹന്നാൻ സ്നാപകനു് കാണുവാൻ ഭാഗ്യമുണ്ടായിരുന്നില്ല. എങ്കിലും ക്രിസ്തുവിനെ കണ്ടതായ ഏതൊരു മനുഷ്യനും യോഹന്നാൻ സ്നാപകനേക്കാൾ ഒട്ടും വലിയവനല്ല എന്നാണു് ക്രിസ്തുവിൻെറ സാക്ഷി.

മോശയുടെ വടിയെപ്പോലെ അത്ഭുതം പ്രവൎത്തിക്കുന്നതിനോ ഏലിയാവിനെപ്പോലെ ആകാശത്തിൽനിന്നു് തീ ഇറക്കുന്നതിനോ ഇത്യാദി വരം ഒന്നും യോഹന്നാനു് ഇല്ലായിരുന്നു. രക്ഷകൻെറ വരവു് പ്രസംഗിക്കുന്നതിനായി ദൈവം അവനെ അയച്ചു. വിശ്വസ്തതയോടുകൂടി ദൈവവേല അവൻ ചെയ്തു. - 'ഈ മനുഷ്യനെക്കുറിച്ചു് പറഞ്ഞതു് എല്ലാം സത്യം.'

ക്രിസ്തുവിൻെറ ഒന്നാമത്തെ വരവിൽ യോഹന്നാൻ സ്നാപകൻ തൻെറ ദൂതു് ലോകത്തെ അറിയിച്ചു എങ്കിൽ ക്രിസ്തുരാജൻെറ അടുത്ത വരവിൽ നാം ഓരോരുത്തരും യോഹന്നാൻ സ്നാപകന്മാരായിത്തീരണം എന്നാണു് യോഹന്നാൻെറ ദൂതു് ? പാപത്തെ പാപം എന്നു പറയുവാൻ അവൻ മടിച്ചില്ല.

വലുതും ഭയങ്കരവുമായ ദൈവത്തിൻെറ ദിവസം വരുന്നതിനു മുമ്പേ ഏലിയാവിൻെറ ശക്തിയോടെ യോഹന്നാൻെറ ദൂതു് വിളംബരം ചെയ്യപ്പെടേണ്ടതാണു്.

# 3. വിശുദ്ധ പൌലൊസ്

പൌലൊസ് ഒരു റോമാ പൗരനായിട്ടാണു് ജനിച്ചതു്. പൌലൊസിൻെറ പിതാവും ഒരു റോമാ പൗരനായിരുന്നു. തർസോസിലെ ഒരു പ്രമുഖ വ്യക്തിയും ധനികനുമായിരുന്നു. കിലിക്യ എന്ന ദേശത്തു് തർസോസ് എന്ന പട്ടണത്തിൽ ഏ. ഡി. എട്ടിനും പത്തിനും ഇടയ്ക്കായിരിക്കണം പൌലൊസിൻെറ ജനനം.

ഒരു യെഹൂദനായിരുന്നതിനാൽ എബ്രായഭാഷയിലും റോമാ പൌരനായിരുന്നതിനാൽ യവനഭാഷയിലും പാണ്ഡിത്യം സമ്പാദിച്ചിരുന്നു. പരീശനായ തൻെറ പിതാവു് ഒരു യെഹൂദ ബാലനു് ലഭിക്കാവുന്ന എല്ലാ മാർഗ്ഗിക പരിശീലനങ്ങളും നല്കിയിരുന്നു.

അപ്പൊസ്തലനു രണ്ടു പേരുകൾ ഉണ്ടായിരുന്നു. ലേഖനങ്ങളിൽ പൌലൊസ് എന്ന പേരിനാലാണ് അറിയപ്പെട്ടുന്നതു്. മാതാപിതാക്കന്മാർ വിളിച്ചിരുന്ന പേരു് ശൗൽ എന്നായിരുന്നു. ഇന്നത്തെപ്പോലെ ആ കാലത്തും സാധാരണ ഒരാൾക്കു് രണ്ടുപേരു് ഉണ്ടായിരുന്നിരിക്കണം. ഒന്നു് യെഹൂദ നാമവും മറ്റേതു് യവനായ നാമവും; എബ്രായ പേരു് ശൌൽ, യവനായ പേരു് പൌലൊസ്.

പൌലൊസിൻെറ ബാല്യകാല ജീവിതത്തെക്കുറിച്ചു് ഇപ്രകാരം വായിക്കുന്നു: 'എട്ടാം നാളിൽ പരിച്ഛേദന ഏററവൻ......ന്യായപ്രമാണം സംബന്ധിച്ചു് പരീശൻ......ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ചു് അനിന്ദ്യൻ' ദൈവവേല സംബന്ധിച്ചു് വളരെ ശുഷ്കാന്തിയുള്ളവനാണെന്നു് തെളിയുന്നു.

തർസോസിലെ പാഠശാലകളിൽനിന്നു് എല്ലാ മാന്ത്രിക പരിശീലനവും ലഭിച്ചു. ഒരു യഹൂദറബ്ബി ആയിത്തീരുന്നതിനു ഉയന്ന വൈദികസ്കൂളിൽ പ്രവേശിക്കുന്നതിനായി യരുശലേമിലേക്കാണു് പോയതു്. തൻെറ പ്രധാന ഗുരു പ്രസിദ്ധിയേറിയ ഗമാലിയേൽ എന്നയാളായിരുന്നു. ന്യായപ്രമാണം നല്ലവണ്ണം മനസ്സിലാക്കി. പിന്നീടുള്ള തൻെറ പ്രസംഗങ്ങളിൽ പഴയനിയമ വാക്യങ്ങൾ എടുത്തു് ഉപയോഗിക്കുവാൻ പ്രയാസമില്ലായിരുന്നു. ഇത്രയും കാര്യം സാധിച്ചതുകൊണ്ടു് ഒന്നു വിചാരിക്കണം, ദൈവം പൌലൊസിനെ ഒരു വലിയ ക്രിസ്തീയ വേലക്കാരനായി തിരഞ്ഞെടുക്കുന്നതിനു് പകലെ കരുതിയെന്നു് മാത്രം.

അപ്പൊസ്തലൻ കൂടാരപ്പണിമത്തൊഴിൽ അഭ്യസിച്ചിരുന്നു. ഓരോ റബ്ബിയും ഏതെങ്കിലും ഒരു തൊഴിൽ അഭ്യസിച്ചിരിക്കണമെന്നുണ്ടു്,

സ്റ്റെഫാനോസിൻെറ രക്തസാക്ഷിത്ത മരണവേളയിലാണ് പൌലൊസിൻെറ പേരു നാം അറിയുന്നതു്. 'സാക്ഷികൾ തങ്ങളുടെ വസ്ത്രം ശൗൽ എന്നു പേരുള്ള ഒരു ബാല്യക്കാരൻെറ കാല്ക്കൽ വെച്ചു' എന്നു കാണാം. ക്രിസ്ത്യാനികൾ അവകാശപ്പെട്ടുകൊണ്ടിരിക്കുന്ന നസ്രായനായ യേശു മരിച്ചിട്ടു് ഉയിൎത്തെഴുന്നേററു എന്നു പറയുന്നതു കേൾക്കുന്നതു ശൗലിനു് സഹിക്കുവാൻ വയ്യാതായി. കള്ള പ്രചരണം നടത്തുന്ന സ്റ്റെഫാനോസിനെ കൊല്ലുന്നതു് ശൗലിനു സമ്മതമായിരുന്നു. ശൗൽ സന്നിദ്രീം സംഘത്തിലെ ഒരു അംഗംകൂടിയായിരുന്നു എന്നുവേണം വിചാരിക്കുവാൻ.

സ്റ്റെഫാനോസിൻെറ അന്ത്യരംഗങ്ങൾ ശൗൽ മൗനമായിനിന്നു കാണുകയാണു്. മരണസമയത്തു് സ്റ്റെഫാനോസ് പരിശുദ്ധാത്മാവു് നിറഞ്ഞവനായി സ്വൎഗ്ഗത്തിലേക്കു നോക്കിക്കൊണ്ടു് 'ഇതാ സ്വൎഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിൻെറ വലത്തുഭാഗത്തു നില്ക്കുന്നതും ഞാൻ കാണുന്നു.'

ജനം സ്റ്റെഫാനോസിൻെറ നേരെ പാഞ്ഞു് അടുത്തു തള്ളി പുറത്താക്കി കല്ലെറിഞ്ഞു. വീണ്ടും ശബ്ദം കേൾക്കുന്നു. 'കൎത്താവായ യേശുവേ എൻെറ ആത്മാവിനെ കൈക്കൊള്ളേണമെ' മരിച്ച യേശു ഉയിൎത്തെഴുന്നേററു എന്നു മരണസമയത്തു് സ്റ്റെഫാനോസ് വിളിച്ചു പറഞ്ഞു് മുട്ടുകുത്തി പ്രാൎത്ഥിക്കുന്നു. 'അവൎക്കു് ഈ പാപം നിൎത്തരുതെ' ഈ കാഴ്ചകളാണു് പൗലൊസിനെ പിന്നെത്തേതിൽ വിഷമം ഉണ്ടാക്കിയതു്.

'എന്നാൽ ശൗൽ വീട്ടുതോറും ചെന്നു പുരുഷന്മാരേയും സ്ത്രീകളേയും പിടിച്ചിഴച്ചു തടവിൽ ഏല്പിച്ചുകൊണ്ടു് സഭയെ മുടിച്ചുപോന്നു.'

ചില ക്രിസ്ത്യാനികൾ രക്ഷപ്പെട്ടുന്നതിനു് ദമസ്കോസിലേക്കു് ഓടിപ്പോയിരുന്നു. അവരെ പിടിച്ചുകൊണ്ടു വരുന്നതിനു സന്നിദ്രീംസംഘത്തിൽനിന്നു് അധികാരപത്രം വാങ്ങിച്ചുകൊണ്ടു് ശൗൽ യാത്ര തിരിച്ചു.

'അവൻ പ്രയാണം ചെയ്തു് ദമസ്കോസിനു് സമീപിച്ചപ്പോൾ പെട്ടെന്നു് ആകാശത്തുനിന്നു് ഒരു വെളിച്ചം അവൻെറ ചുററും മിന്നി; അവൻ നിലത്തുവീണു. ശൗലെ! ശൗലെ! നീ, എന്നെ ഉപദ്രവിക്കുന്നതു് എന്തു് എന്നു തന്നോടു് പറയുന്ന ഒരു ശബ്ദം കേട്ടു' (അപ്പൊ. പ്ര. 9: 3, 4).

ദമസ്കോസിൻെറ പടിവാതുക്കൽവെച്ചുള്ള ക്രിസ്തുവിൻെറ ദർശനം പൗലൊസിനെ ഒന്നു മാററി. ഉപദ്രവിക്കുന്നവൻ ഇപ്പോൾ ഇതാ ഒരു ശിഷ്യൻ, ഉപദേഷ്ടാവു് എന്ന നിലയിൽ എത്തിച്ചേർന്നു. അവൻെറ പഠനം പഴയനിയമവും മശിഹായുമായിരുന്നു. അവൻ എടുത്തിരിക്കുന്ന ജോലി തെററായ മാർഗ്ഗമാണെന്നു് അവനു മനസ്സിലായി. ജീവിക്കുന്ന ക്രിസ്തുവിനെക്കുറിച്ചു് അവൻ പ്രസംഗിപ്പാൻ തുടങ്ങി.

'അവൻ വിറച്ചുകൊണ്ടു് ആശ്ചര്യത്തോടു് കർത്താവെ ഞാൻ എന്തു ചെയ്യേണം എന്നു ചോദിച്ചു. നീ എഴുന്നേററു പട്ടണത്തിൽ ചെല്ലുക നീ ചെയ്യേണ്ടതു് എന്തു് എന്നു പറഞ്ഞുതരും.'

ഈ അതിശയമായ പൗലൊസിൻെറ മാനസാന്തരത്തിൽ ദൈവത്തിൻെറ വൻശക്തിയെ നാം അറിയുന്നില്ലെ? തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രം; ജാതികൾക്കായി സുവിശേഷം അറിയിക്കുവാൻ—സ്വർഗ്ഗീയപ്രകാശം അവൻെറ കാഴ്ചയെ ഇല്ലാതാക്കി. കുരുടന്മാരെ സൗഖ്യ

മാക്കിയ പരമവൈദ്യൻ പൗലൊസിൻെറ കണ്ണിനെ സുഖപ്പെടുത്തിയില്ല. പിന്നീട്ടുള്ള സഭയിലെ ചില വേല അവൻ പഠിക്കുവാനും പഠിപ്പിക്കുവാനും ഉണ്ടായിരുന്നതി നാൽ പൗലൊസിനെ ക്രിസ്തു അനന്യാസ് എന്ന പ്രവാ ചകൻെറ അടുക്കലേക്കാണ് അയയ്ക്കുന്നതു്. ദൈവം അന ന്യാസിൻെറ അടുക്കലും ദൂതനെ അയച്ച് പൗലൊസിനെ പ്പററിയുള്ള എല്ലാ ചരിത്രവും ഇതിനകം അറിയിച്ചു കഴിഞ്ഞു.

ക്രിസ്തുവിനു പകരമായി അനന്യാസ് പൗലൊസി ൻെറ കണ്ണിനെ തൊട്ടു; ശൗൽ കാഴ്ച പ്രാപിച്ചു. അ വൻെറമേൽ കൈവച്ചു പ്രാർത്ഥിച്ചു; ഉടനെ ശൗലിനു് പരിശുദ്ധാത്മാവു് ലഭിച്ചു.

യേശു ഉയിർത്തെഴുന്നേററു എന്നും തന്നോട്ട് സംസാരി ച്ചതു യേശു ആയിരുന്നു എന്നും മനസ്സിലായപ്പോൾ ശൗ ലിന്റെ ജീവിതത്തിനു മൗലികമായ ഒരു മാററം ഉണ്ടായി. ഇതുവരേയും താൻ തെറ്റായ മാർഗ്ഗത്തിലായിരുന്നു; ഇപ്പോൾ ഇതാ തനിക്കു പുതിയ യജമാനനെ ലഭിച്ചു. ഒരു പുതിയ പാത ശൗലിൻെറ മുമ്പാകെ തുറക്കപ്പെട്ടു.

ഈ പുതിയ മാർഗ്ഗം തിരഞ്ഞെടുത്തതിനാൽ തൻെറ ജീവൻ അപകടത്തിൽ ആയി. ദൈവം അവനോട്ട് കുറെ നാളത്തേക്കു ദമസ്കോസ് വിട്ടുവാൻ അരുളി ച്ചെയ്തു. അതനുസരിച്ചു് അവൻ അറേബ്യയിലേക്കാണു് പോയതു്. ദൈവവുമായി കൂട്ടായ്മ ആചരിച്ചു ധ്യാനപ രമായി ചെലവഴിക്കാൻ ധാരാളം സമയം ലഭിച്ചിരുന്നു. മനുഷ്യൻ തിരഞ്ഞെടുത്ത അപ്പൊസ്തലനല്ല പൗലൊ സ്. ദൈവം തന്നെ പൗലൊസിനെ വിളിച്ചു് ഇറക്കി യതാണു്,

അറേബ്യയിൽ താമസിച്ച കാലം അപ്പൊസ്തല ന്മാരെ കാണുകയൊ സംസാരിക്കുകയൊ ചെയ്തില്ല. അവൻെറ മാനസാന്തരം ദൈവം അംഗീകരിച്ചൊ എന്നു് അവനറിയണം. അതിനാണു് അവൻ ആ ഏകാന്തവാസം തിരഞ്ഞെടുത്തതു്. യേശു അവനോടു് നേരിട്ടു് ഇട പെട്ടു എന്നാണു് പിന്നത്തേതിൽ നാം മനസ്സിലാക്കേണ്ടതു്.

ദൈവത്തിൻെറ വേല ചെയ്യുന്നവർ പൌലോസി നെപ്പോലെ നിർജ്ജന പ്രദേശത്തു ചെന്നു ഹൃദയ പരി ശോധന നടത്തുകതന്നെ വേണം.

മൂന്നു വർഷത്തിനുശേഷം അവൻ യരുശലേമിലേക്കു പോയി, 'പിന്നെ അവൻ യരുശലേമിൽ അവരുമായി പെരുമാറുകയും കർത്താവിൻെറ നാമത്തിൽ പ്രാഗത്ഭ്യ ത്തോടെ പ്രസംഗിക്കുകയും ചെയ്തു.'

യെരുശലേമിലെ ക്രിസ്ത്യാനികൾക്കു് ശൗലിനെ ഭയമായിരുന്നു. ശൗൽ ക്രിസ്ത്യാനിയായി. അവരുടെ കൂട്ടത്തിലേക്കു് അവൻ വരുന്നു എന്നറിഞ്ഞപ്പോൾ അവർക്കു പരിഭ്രമമായി. എങ്കിലും അതെല്ലാം മാറിക്കഴിഞ്ഞു. അവൻ ശക്തിയോടെ ക്രിസ്തുവിനെപ്പററി പ്രസംഗിച്ചു.

വീണ്ടും പൌലൊസിൻെറ ജീവൻ അപകടത്തിലായി. സ്തെഫാനോസിനെ കല്ലെറിഞ്ഞവർ പൌലൊസിനേയും കൊല്ലുവാൻ ആലോചനകൾ നടത്തി, അപ്പോൾ സഹോദരന്മാരുടെ നിർബ്ബന്ധംമൂലം സ്വന്ത ദേശമായ തർസോസിലേക്കു യാത്രയായി. തനിക്കു് അവിടെ ജന്മാവകാശമായ വസ്തുക്കൾ നഷ്ടമായി. മാതാപിതാക്കന്മാർ തന്നെ കുടുംബഭ്രഷ്ടനാക്കി എന്നും വരാം. താഴെ

പറയുന്ന വാക്യംകൊണ്ടു് 'എങ്കിലും എനിക്കു ലാഭമായിരുന്നതു ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു.' ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ ഇതിലും അതിനപ്പുറവും സംഭവിച്ചു കാണും.

പൌലൊസ് ഏതൻസിലുള്ള വിദ്യാസമ്പന്നരുടെ മുമ്പാകെയും രാജാക്കന്മാരുടെ മുമ്പാകെയും നല്ല ഭാഷയിൽ സുവിശേഷം പ്രസംഗിച്ചു. 'മനുഷ്യരുടെ ജ്ഞാനമല്ല ദൈവത്തിൻെറ ശക്തി തന്നെ......ആത്മാവിൻെറയും ശക്തിയുടേയും ദശ്നത്താലത്രെ ആയിരുന്നതു്.'

പൌലൊസിൻെറ പ്രസംഗ വിഷയം 'ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മററൊന്നും അല്ലായിരുന്നു.'

'അങ്ങനെ അവർ ഉപവസിച്ചും പ്രാത്ഥിച്ചും അവരുടെമേൽ കൈവെച്ചും അവരെ പറഞ്ഞയച്ചു.'

ബന്നബാസും പൌലൊസും മർക്കോസിനെ കൂട്ടിക്കൊണ്ടു് അന്ത്യോക്യയിൽനിന്നു യാത്ര പുറപ്പെട്ടു. ഇതു പൌലൊസിൻെറ ഒന്നാമത്തെ മിഷനറി യാത്രയുടെ ആരംഭമാണു്. പിസ്ദ്യ, ഇക്കോന്യ ഈ ദേശങ്ങളിൽ ആദ്യം യെഹൂദക്കും പിന്നെ ജാതികൾക്കും സുവിശേഷം അറിയിച്ചു പോന്നു. യാത്രയിൽ അതിശയങ്ങൾ പ്രവത്തിക്കുന്നുണ്ടു്, തങ്ങൾക്കു് ഉപദ്രവങ്ങളും ഉണ്ടാകുന്നുണ്ടു്.

രണ്ടാമത്തെ മിഷനറി യാത്രയിൽ സുറിയ, കിലിക്യ ദെർബ്ബെ, ലുസ്ത്ര യൂറോപ്പിന്റെ പല ഭാഗത്തും സുവിശേഷം അറിയിച്ചു് സഭകൾ സ്ഥാപിക്കുകയാണു് ചെയ്തതു്.

മൂന്നാം മിഷനറിയാത്ര ഗലാത്യ, ഫ്രുഗ്യ ദേശങ്ങളിലൂടെ എഫെസോസിലും വന്നെത്തി, അവിടെയും സഭ സ്ഥാപിച്ചു,

തൻെറ യാത്രകളിൽ പല പല അപകടങ്ങളും അനുഭവങ്ങളും ഉണ്ടായിട്ടുണ്ടു്. അപ്പൊസ്തലപ്രവൃത്തി എന്ന പുസ്തകം സവിസ്തരം അതിനെക്കുറിച്ചെല്ലാം പ്രതിപാദിച്ചിട്ടുണ്ടു്.

എഫെസോസിൽ വിശ്വസിച്ചവരിൽ അനേകരും വന്നു തങ്ങളുടെ പ്രവൃത്തികളെ ഏററുപറഞ്ഞു അറിയിച്ചു. ക്ഷുദ്രപ്രയോഗം ചെയ്തിരുന്ന പലരും തങ്ങളുടെ പുസ്തകങ്ങളെ കൊണ്ടുവന്നു് എല്ലാവരും കാൺകെ ചുട്ടുകളഞ്ഞു. അവയുടെ വില കണക്കു കൂട്ടിയാറെ അമ്പതിനായിരം വെള്ളിക്കാശു് എന്നു കണ്ടു. ഇങ്ങനെ കർത്താവിൻെറ വചനം ശക്തിയോടെ പരന്നു പ്രബലപ്പെട്ടു.

നിത്യജീവൻ ലഭിക്കുന്നതിനുള്ള ഒരുവൻെറ പ്രയത്നം അല്ലെങ്കിൽ ഓട്ടത്തെ സംബന്ധിച്ചു് പൌലൊസിൻെറ ലേഖനത്തിൽ പറഞ്ഞിട്ടുണ്ടു്. 'സകല ഭാരവും മുറുകെ പററുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക.'

പൌലൊസ് വളരെ കാര്യങ്ങൾ ചെയ്തിട്ടുണ്ടു്. അവൻ ബുദ്ധിയുള്ള ഒരു ഉപദേഷ്ടാവു്. അവൻെറ ലേഖനങ്ങൾ തത്വങ്ങൾ നിറഞ്ഞവ. സ്വന്തംകൈകൊണ്ടു വേലചെയ്തു ജീവിച്ചവനാണു നമ്മുടെ കഥാനായകൻ. ദിനംപ്രതി സഭകളെ കുറിച്ചുള്ള ചിന്താഭാരം അവനുണ്ടായിരുന്നു.

അവൻ പറയുന്നു: 'ഒന്നു ഞാൻ ചെയ്യുന്നു പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞുംകൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിൻെറ പരമ വിളിയുടെ വിരുതിന്നായി ലാക്കിലേക്കു ഓടുന്നു,'

ഓരോ ക്രിസ്തീയ വേലക്കാരും പൌലൊസിനെ പോലെ പ്രതിഷ്ഠാ ജീവിതം ഉള്ളവരായിരിക്കണം.

പൌലൊസിൻെറ അന്ത്യം ഏതു വിധത്തിലായിരുന്നു എന്നു ചരിത്രത്തിൽ രേഖകളില്ല. എന്നാൽ സഭയുടെ പാരമ്പര്യത്തിൽകൂടെ ഇതു സംബന്ധമായി ലഭിച്ചിരിക്കുന്ന അറിവ് മററു അപ്പൊസ്തലന്മാരെപ്പോലെ പൌലൊസും 'നഗരവാതലിനു പുറത്തുവെച്ച് കഷ്ടം അനുഭവിച്ചു.' റോമാപ്പട്ടണത്തിൽ ഉമെഖറോഡ് എന്നറിയപ്പെട്ടുന്ന പാതയുടെ സമീപെ സെസ്റ്റിയസിൻെറ പിരമിഡിനു സമീപംവെച്ച് ക്രിസ്തുവിൻെറ ഈ ധീരസേനാനി റോമാ പടയാളികളാൽ വധിക്കപ്പെട്ടു എന്നു സഭ വിശ്വസിക്കുന്നു.

കൊലക്കളത്തിലേക്കു പതറാത്ത ചുവടുകളോടുകൂടി ഈ മിഷനറി വീരൻ പ്രവേശിച്ചപ്പോൾ ചില വാചകങ്ങൾ ചൊല്ലിക്കാണും: 'ഞാൻ നല്ലപോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു, ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു' (2 തിമോ. 4: 17, 18). വീതി കൂടിയതും തെളുതളെ മിന്നുന്നതുമായ ഒരു വാൾ അന്തരീക്ഷത്തിൽ പൊങ്ങി, നരച്ച മുടിയാൽ പ്രശോഭിക്കുന്ന ഒരു വൃദ്ധശിരസ്സ് ഇതാ തറയിൽ വീണു കിടക്കുന്നു. ഒരുപക്ഷെ വിലാപഗീതം പാടുവാൻ ആരും ഉണ്ടായിരുന്നില്ലായിരിക്കാം എങ്കിലും ആ മഹത്തായ ജീവിതം ഇന്നും ലോകത്തോട്ട് സംസാരിച്ചുകൊണ്ടിരിക്കുന്നു.

# 4. പ്രവാചകൻ മൂസ്സസ്

'വിശ്വാസത്താൽ മോശയുടെ ജനനത്തിങ്കൽ ശിശു സുന്ദരൻ എന്നു് അമ്മയപ്പന്മാർ കണ്ടു് രാജാവിന്റെ കല്പനയെ ഭയപ്പെടാതെ അവനെ മൂന്നു മാസം ഒളിപ്പിച്ചുവെച്ചു. വിശ്വാസത്താൽ മോശ താൻ വളൎന്നപ്പോൾ പാപത്തിന്റെ താല്ക്കാലിക ഭോഗത്തേക്കാളും ദൈവജനത്തോടുകൂടി കഷ്ടം അനുഭവിക്കുന്നതു് തിരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതുകൊണ്ടു് ഫറവോൻെറ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു നിരസിക്കുകയും മിസ്രയിമിലെ നിക്ഷേപങ്ങളേക്കാൾ ക്രിസ്തുവിൻെറ നിന്ദ വലിയ ധനം എന്നു് എണ്ണുകയും ചെയ്തു.'

മോശയുടെ അമ്മ ഒരു അടിമസ്ത്രീയായിരുന്നു. അവൾ വലിയ അതിശയം ഒന്നും പ്രവൎത്തിച്ചതായി കാണുന്നില്ല. പക്ഷേ ദൈവത്തിൽ അവൾക്കു് നല്ല വിശ്വാസമുണ്ടായിരുന്നു. അന്ധകാരഭൂഖണ്ഡത്തിലെ ഉഗ്രമായ നൈൽ നദിയിൽ ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു് തൻെറ ഓമന മകനെ പെട്ടകത്തിൽവച്ചു് ഒഴുക്കിയ കഥ നാം കേട്ടിട്ടുണ്ടല്ലോ. ചെറിയ കുട്ടി ദൈവത്തിൻെറ വൻവേല ഏറെറടുത്തു നടത്തുമെന്നു് ആർ വിചാരിച്ചു ? ഫറോ രാജാവിൻെറ പുത്രിക്കു് ഈ കുട്ടിയെ നന്നായി ഇഷ്ടപ്പെട്ടു. പെൺകുട്ടികൾ സാധാരണ പിതാക്കന്മാരുടെ കല്പനയെ അവഗണിക്കാറില്ലല്ലോ. കുട്ടിയെ വെള്ളത്തിൽനിന്നു് എടുത്തതിനുശേഷം വേണമെങ്കിൽ തിരിയെ നദിയിൽ തന്നെ ഇടാമായിരുന്നു. കുട്ടികളെ കൊല്ലുന്ന ഫറോ രാജാവിൻെറ ഈ പ്രയോഗം ഇസ്രായേൽ രാഷ്ട്രത്തിൻെറ

വീണ്ടെടുപ്പു സാക്ഷാല്ക്കരിക്കപ്പെട്ടു. കൂടാതെ ഈ ചരിത്രം നിമിത്തം ലോകം ഫറോ രാജാവിനെ ഇന്നും അറിയുന്നുണ്ട്.

മിസ്രയീമ്യ സർവ്വകലാശാലയിലെ പഠിത്തവും അവനു ലഭ്യമായി. ചിലപ്പോൾ മിസ്രയീമിലെ രാജാവ് അവൻ തന്നെ ആകാനും ഇടയുള്ളതായിരുന്നു. പക്ഷേ മിസ്രയീമ്യർ ആരാധിക്കുന്ന ദൈവത്തേയൊ അവരുടെ ആചാരങ്ങളേയൊ അവൻ ഇഷ്ടപ്പെട്ടിരുന്നില്ല. അന്നും അവൻെറ എബ്രായവിശ്വാസം അതായതു് സത്യദൈവ ആരാധന മുറുകെപ്പിടിച്ചിരുന്നു. ബാല്യകാലത്തു് അമ്മയുടെ അട്ടക്കൽവെച്ചു് അവൻ പഠിച്ച പാഠം അവൻ ഒരിക്കലും മറന്നില്ല എന്നു വേണം പറയാൻ. മനുഷ്യരുടെ പാപകരമായ ജീവിതം ദൈവത്തെ മറന്നുകളയുന്നു. ഈ ലോകത്തിലെ രാജപദവിയേക്കാളും അത്യുന്നതന്റെ കിരീടം അവൻ കാംക്ഷിച്ചിരുന്നതിനാൽ ഫറോരാജാവിന്റെ കൊട്ടാരം വിട്ടുവാൻ ഇടയായി. യിസ്രയേല്ക്കാരെ നടത്താനുള്ള പരിശീലനം മിസ്രയീമിലെ ജ്ഞാനത്തിൽ നിന്നു അവനു ലഭിച്ചു. ഒന്നാമതു് അവൻെറ ആളുകളുടെ പ്രീതി ലഭിപ്പാൻ ഒരു മിസ്രയീമ്യനെ അടിച്ചു കൊല്ലുകയാണ് ചെയ്തതു്. ഫറോ രാജാവിൻെറ കൊട്ടാരം വിടാനുള്ള ഏക കാരണവും ഇതുതന്നെയായിരുന്നു. നന്മയും ദയയും പഠിപ്പിക്കുന്നതിനായിട്ടും ദൈവജനത്തെ നടത്തുന്നതിനായിട്ടും ദൈവം അവനെ പിന്നത്തേതിൽ പ്രയോജനപ്പെടുത്തിയതായി കാണുന്നുണ്ട്.

മോശയുടെ പ്രമാണംപോലെ ഒരു പ്രമാണവും ഇതുവരെ ഉണ്ടായിട്ടുമില്ല പ്രചരിച്ചിട്ടുമില്ല. മിസ്രയീമിലെ അഭ്യസനം ലഭിക്കുക എന്നുള്ളതു് ഒരു ഉന്നതപദവിതന്നെ. മിസ്രയീം സാഹിത്യത്തിനും 'ഗണിതശാസ്ത്രത്തിനും' കരകൗശലവേലക്കും, വാനശാസ്ത്രത്തിനും മുന്നണിയിലായി

രുന്നു. ലോകത്തിലെ ഏഴ് അതിശയങ്ങളിൽ ഒന്നായ "പിരമിഡ്" മിസ്രയീമ്യർ പണിതതാണ്.

രാജാക്കന്മാരുടെ പേരുകൾ ചരിത്രത്തിൽനിന്നു മാഞ്ഞുകൊണ്ടിരിക്കുന്നു. എങ്കിലും മോശയുടെ പേർ ആക്കും സുപരിചിതമാണ്.

ബൈബിളിന്റെ അടിസ്ഥാനപരമായ അഞ്ചു ബുക്കുകൾ മോശ എഴുതിയതാണ്. വലിയ കെട്ടിടത്തിന്റെ അടിസ്ഥാനം എന്നതുപോലെ ഈ അഞ്ചു പുസ്തകങ്ങൾ ഇല്ലായിരുന്നു എങ്കിൽ ബൈബിളിനു ഇത്രമാത്രം മാഹാത്മ്യം കാണുകയില്ലായിരുന്നു. മൂവായിരത്തി അഞ്ഞൂറുവഷങ്ങൾക്കു മുൻപ് എഴുതിയ പുസ്തകം ഈ ഇരുപതാം നൂററാണ്ടിലെ പരിഷ്കാരത്തിനും കാരണമായ സ്റ്റാൻഡാർഡ് വഹിക്കുന്നുണ്ട്.

മോശ ഒരു മനുഷ്യനാണ്. അവൻ ദൈവത്തോട്ട് നേരിട്ടു സംസാരിച്ചു, ദൈവവുമായി സംസാരിച്ച മനുഷ്യനെ നാം എങ്ങനെ കരുതണം?

മോശ നാല്പതു വർഷം മരുഭൂമിയിൽ ചെലവഴിച്ചു എന്നു വേണം നമുക്ക് ഊഹിക്കുവാൻ. നമുക്ക് ഒരു ദിവസം മുഴുവനും ധ്യാനനിരതമായി ഇരിപ്പാൻ സാധിക്കുമോ ?

യിസ്രായേലിന്റെ വിട്ടുതൽ സമയം വന്നു. ദൈവം മോശയെ ഒരു വടിയുമായി പോകുവാൻ അനുവദിക്കുന്നു— ഒരു ആട്ടിടയനെപ്പോലെ, അവൻ വിക്കനായിരുന്നു, പക്ഷേ അവനു് സഹായിയായി അവന്റെ സഹോദരൻ അഹരോനെക്കൂടെ അയയ്ക്കുന്നുണ്ട്. ദൈവം അനുസരണമുള്ളവരെ അനുഗ്രഹിക്കുന്നു. അവരുടെ എല്ലാ വഴികളിലും ദൈവം അവരെ പിന്തുടരുന്നുണ്ട്. അവന്റെ ദൂതന്മാർ

തൻെറ ഭക്തന്മാരുടെ ചുറ്റും എപ്പോഴും കാവൽ നില്ക്കുന്നു, നയിക്കുന്നു. യേശുക്രിസ്തുവിൻെറ വരവു സമയത്തു് വലിയ ഉപദ്രവകാലയളവിൽ നീതിമാന്മാരെ അവൻെറ ദൂതന്മാരെ അയച്ചു കാത്തുകൊള്ളുന്നതാണു്.

പിന്നീട്ട് മോശ മിസ്രയീമിൽച്ചെന്നു ആറുന്നൂറായിരം അടിമകളെ വിട്ടുവിച്ചു് ഒരു പ്രബലരാഷ്ട്രം ആക്കിത്തീർത്തു. പട്ടാളമില്ല, യുദ്ധസാമഗ്രികൾ ഇല്ല, വെറും രണ്ടു സഹായികൾ. മോശ ദൈവത്തോടുകൂടെ നടക്കുകയും ആലോചന ചോദിക്കുകയും ചെയ്തതിനാൽതന്നെ.

അവരുടെ മുമ്പിൽ ചെങ്കടൽ, മിസ്രയീമ്യസൈന്യം പുറകിൽ—'നീ എന്നോടു് നിലവിളിക്കുന്നതു് എന്തു്? മുമ്പോട്ടു പോകുവാൻ ഇസ്രായേൽ മക്കളോടു പറയുക.' നിന്നു പ്രാർത്ഥിക്കുന്നതിനേക്കാൾ ദൈവം നടത്തുന്ന വഴിയെ മുമ്പോട്ടു പോകുന്നതാണു് എപ്പോഴും നല്ലതു്. അവിശ്വാസികൾ പറഞ്ഞേക്കും: 'അല്പ സ്വല്പം താമസിക്കുക, പ്രതിബന്ധങ്ങൾ മാറട്ടെ നമുക്കു ചെങ്കടൽ കടക്കാൻ.'

എന്നാൽ വിശ്വാസം നമ്മെ ഒരിക്കലും പിടിച്ചു നിർത്തുന്നില്ല എന്നു മനസ്സിലാക്കണം. ദൈവത്തിൻെറ വഴി മരുഭൂമിയിൽ കൂടിയായിരുന്നാലും കടലിൽ കൂടിയായിരുന്നാലും അതു് എപ്പോഴും സുരക്ഷിതമാണു്.

ഇസ്രായേൽ ചെങ്കടൽ കടന്നുകഴിഞ്ഞപ്പോൾ അവർ മോശയുടേയും കുഞ്ഞാടിൻേറയും പാട്ടു പാടി. 'എൻെറ ബലവും എൻെറ ഗീതവും യഹോവയത്രെ; അവൻ എനിക്കു രക്ഷയായിത്തീർന്നു; അവൻ എൻെറ ദൈവം ഞാൻ അവനെ സ്തുതിക്കും. അവൻ എൻെറ പിതാവായ ദൈവം ഞാൻ അവനെ പുകഴ്ത്തും' (പുറപ്പാടു് 15).

ദിനംപ്രതി നമുക്കു ലഭിക്കുന്ന അനുഗ്രഹങ്ങൾക്ക് നാം നമ്മുടെ ദൈവത്തെ സ്തുതിക്കണം. ദൂതന്മാരുടെ പാട്ട് നമുക്കും പഠിക്കാം. കാലത്തികവിങ്കൽ രക്ഷപ്പെട്ട ഗണത്തിൻെറ പാട്ടാണ് മുകളിൽ പറഞ്ഞിരിക്കുന്ന സങ്കീർത്തനം.

മൂന്നു ദിവസത്തെ വഴി പിന്നെയും അവർ പോയി. സീനായി പർവ്വതത്തിൽ മോശ കയറി. അപ്പോൾ വലിയ ഇടിയും മിന്നലുമുണ്ടായി. ദൈവത്തിൻെറ കൈവിരലു കൾകൊണ്ടു് എഴുതിയ പത്തു കല്പനകൾ മോശ ഏററു വാങ്ങി.

സീനായി മലയിൽവെച്ച് ദൈവം പറഞ്ഞു: 'മോശ മാത്രം ദൈവത്തിൻെറ അടുക്കലേക്കു വരട്ടെ.' ബൈബിളിൽ വിവരിച്ച മനോഹരമായ രക്ഷയുടെ മാർഗ്ഗത്തിൻെറ കൂടാരപ്പണിയുടെ പ്ലാൻ ദൈവം പറ ഞ്ഞുകൊടുത്തു. ദൈവത്തിൻെറ നിർദ്ദേശത്താൽ അവൻ കൂടാരം പണിതു. വീണ്ടെടുപ്പിൻെറ എല്ലാ ചിഹ്നവും അവിടെ സ്ഥാപിതമായി. ഹാബേൽ മുതലുള്ള രക്ത യാഗങ്ങളും നടപ്പിലാക്കി. നോഹ ബലി കഴിച്ചതു പോലെ അബ്രഹാം, യാക്കോബ് എന്നിവർ ബലികളെ അർപ്പിച്ചു. ഇതെല്ലാം യേശുക്രിസ്തുവിൻെറ ബലിയെ ചൂണ്ടിക്കാട്ടിയവയാണു്.

മോശയെ ദൈവം തൻെറ വേലക്കായി വിളിച്ച പ്പോൾ പല ഒഴികഴിവുകൾ പറഞ്ഞതായി നാം വായി ച്ചില്ലേ: 'എനിക്കു് വാക്കുസാമർത്ഥ്യം ഇല്ല. വിക്കനാ ണു്. നാക്കിനു കുഴപ്പം ഉണ്ടു്' എന്നാൽ യോർദ്ദാൻെറ തീരത്തു ധൈര്യമായി ജനത്തോടു് പ്രസംഗിക്കുന്ന കാഴ്ച എത്ര അതിശയമാന്നതാണു്. ആവർത്തനപുസ്തകം മുഴുവൻ മോശയുടെ പ്രസംഗങ്ങളാണു്.

മോശ നമ്മെപ്പോലെ ഒരു മനുഷ്യനായിരുന്നു. ഒരു സമയത്തു് അല്പം കോപമുണ്ടായിപ്പോയി. അതിനു ശിക്ഷയായി വാഗ്ദത്തദേശം കാണുകയില്ല എന്നു് അരുളപ്പാടും ഉണ്ടായി. എങ്കിലും മോശ ജനങ്ങളെ ധൈര്യപ്പെടുത്തുന്നതു: 'നിങ്ങൾ ദൈവത്തിൻെറ കല്പന പ്രമാണിച്ചില്ലെങ്കിൽ കനാൻദേശം കാണുകയില്ല എന്നും അതിനു വിപരീതമായി പ്രവത്തിക്കുന്നു എങ്കിൽ ദുരിതവും ശാപവും അനുഭവമാകുമെന്നും.'

മോശ ജനത്തിനുവേണ്ടി ജീവിച്ചു. അവക്കുവേണ്ടി പ്രാത്ഥിച്ചു. നമ്മുടെ ഇടയിലുള്ള യെഹൂദരാഷ്ട്രത്തെ നശിപ്പിക്കുവാൻ പല രാഷ്ട്രങ്ങളും ശ്രമിക്കുന്നു. പക്ഷെ അവർ അവശേഷിക്കുന്നുണ്ടു്.

മോശ പറയുന്നു: 'ഇതാ ഞാൻ ഇന്നു അനുഗ്രഹവും ശാപവും നിങ്ങളുടെ മുമ്പിൽ വയ്ക്കുന്നു. ദൈവത്തിൻെറ കല്പനകൾ നിങ്ങൾ അനുസരിക്കുന്നു എങ്കിൽ അനുഗ്രഹവും, ലംഘിക്കുന്നു എങ്കിൽ ശാപവും വരും.'

ചിലപ്പോൾ നമുക്കു് ദൈവത്തിൽനിന്നു് ചില പ്രത്യേക അനുഗ്രഹങ്ങൾ വേണമെങ്കിൽ അവനവൻെറ വേദപുസ്തകം എടുത്തു നിർജ്ജന പ്രദേശത്തു പോയി മോശയുടെ ആവത്തനപുസ്തകം വായിക്കുക. കല്പന പ്രമാണിപ്പാനുള്ള ശക്തി നമുക്കു ലഭിക്കും അതോടുകൂടെ അനുഗ്രഹവും.

മോശയുടെ വേറെ ഒരു പ്രവൃത്തിയെക്കുറിച്ചു നമുക്കു ചിന്തിക്കാം. സീനായിൽവെച്ചു് ആളുകൾക്കു് വെള്ളം കിട്ടാതെ വന്നപ്പോൾ ദൈവം മോശയോടു പറഞ്ഞു: 'പാറയുടെ അടുത്തു ചെന്നു നില്ക്കുക വെള്ളം പാറയിൽ നിന്നും പുറപ്പെടും.' മോശ അതുപോലെ ചെയ്തു.

വെള്ളം പാറയിൽനിന്നു പുറപ്പെട്ടു. അവർ കുടിയ്ക്കുകയും ചെയ്തു.

വളരെക്കാലത്തിനുശേഷം വാഗ്ദത്തദേശത്തിന്റെ തെക്കുഭാഗത്തു് ജനം വന്നപ്പോൾ ജനത്തിനു് വെള്ളം കുടിപ്പാൻ ഇല്ലാതായി. ജനം മോശയെ നന്നായി അലട്ടി. ദൈവം മോശയോടു പറഞ്ഞു: 'നിന്റെ വടി എടുക്കുക; ജനം കാൺകെ പാറയുടെ അടുത്തു ചെന്നു വെള്ളം ലഭിക്കുന്നതിനു സംസാരിക്കുക.' മോശ അവന്റെ കൈ ഉയർത്തി വടികൊണ്ടു് പാറയെ അടിച്ചു. വെള്ളം ധാരാളമായി ഒഴുകി. ജനത്തിന്റെ മുമ്പാകെ മോശ ദൈവത്തിനു മഹത്വം കൊടുക്കാഞ്ഞതിനാൽ മോശ ജനത്തെ വാഗ്ദത്തദേശത്തേക്കു നയിക്കുകയില്ല എന്നു ദൈവം തീർത്തു പറഞ്ഞു.

നമ്മുടെ പൂർവ്വിക പിതാക്കന്മാർ തെറ്റു ചെയ്തു. ദാവീദും തെറ്റു ചെയ്തു. ദാവിദു് മോശയെക്കുറിച്ചു് പറയുന്നതു്: അവർ അവനെ കോപിപ്പിച്ചു. അവരുടെ നിമിത്തം മോശയ്ക്കും ദോഷം ഭവിച്ചു. അവർ അവന്റെ മനസ്സിനെ കോപിപ്പിച്ചതുകൊണ്ടു് അവൻ അധരങ്ങളാൽ അവിവേകം സംസാരിച്ചുപോയി.'

ദാവീദു് അതിലും വലിയ പാപം ചെയ്തിട്ടുണ്ടു്. പിന്നെ ദാവീദു് യഹോവയ്ക്കു് പ്രസാദമായതു ചെയ്തു.

രക്ഷ എന്താണെന്നു് ജനത്തെ മനസ്സിലാക്കുവാൻ തക്കവണ്ണം മോശ ജനത്തിനുവേണ്ടി ത്യാഗമായിത്തീർന്നു. മോശ പറയുന്നതു്: 'നിങ്ങൾ നിമിത്തം ദൈവം എന്നോടു കോപിച്ചു. എനിക്കും നിങ്ങൾക്കും വേണ്ടി.'

സെൻറു് പോൾ പറയുന്നു: 'നമ്മുടെ പിതാക്കന്മാർ എല്ലാവരും മേഘത്തിൻ കീഴിൽ ആയിരുന്നു.

എല്ലാവരും ഒരേ ആത്മീയ ആഹാരം തിന്നു. എല്ലാവരും ഒരേ ആത്മീയ പാനീയം കുടിച്ചു. അവരെ അനുഗമിച്ച ആത്മീയ......പാറയിൽ നിന്നല്ലെ, അവർ കുടിച്ചതു്. ആ പാറ ക്രിസ്തു ആയിരുന്നു.'

ക്രിസ്തുവിൻെറ ക്രൂശാരോഹണം നിമിത്തം മനുഷ്യജാതിക്കു് രക്ഷവന്നു. ക്രിസ്തു എന്ന പാറയിൽ നാം അടിക്കുന്നു. എന്നാൽ വീണ്ടും നാം പാപത്തിലേക്കു തന്നെ തിരിയുന്നു എങ്കിൽ ദൈവത്തെ നാം ഉപേക്ഷിക്കുന്നു. മോശ രണ്ടാമതും അടിച്ചമാതിരി മനസ്സോടെ നാം ക്രിസ്തുവിനെ ക്രൂശിക്കുകയാണു് ചെയ്യുന്നതു്.

മോശയെ വാഗ്ദത്ത ദേശത്തു് പ്രവേശിപ്പാൻ ദൈവം അനുവദിച്ചില്ല. ക്രിസ്തു നമുക്കുവേണ്ടി മരിച്ചതും അതെ അനുഭവം വെച്ചുകൊണ്ടു തന്നെ. ഈ കാരണത്താൽ മോശയെ ക്രിസ്തുവിന്റെ മരണത്തോടു് താരതമ്യപ്പെടുത്താമല്ലൊ. അതു് ദൈവം സമ്മതിക്കുകയും ചെയ്യുന്നുണ്ടു്. മോശ പറയുന്നു: 'ദൈവമായ യാഹോവ നിങ്ങൾക്കു് എന്നെപ്പോലെ ഒരു *പ്രവാചകനെ* നിങ്ങളുടെ മദ്ധ്യേ നിങ്ങളുടെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചു തരും. അവൻെറ വചനം കേൾക്കണം' ഇതുപോലെയുള്ള വാഗ്ദത്തം ഒരു മനുഷ്യനും ലഭിച്ചിട്ടില്ല.

"അക്കാലത്തു ഞാൻ യഹോവയോടു് അപേക്ഷിച്ചു, കർത്താവായ യാഹോവെ നിൻെറ മഹത്വവും, നിൻെറ ഭുജവീര്യവും അടിയനെ കാണിച്ചു തുടങ്ങിയല്ലൊ; നിന്റെ ക്രിയകൾപോലെയും നിൻെറ വീര്യപ്രവൃത്തികൾപോലെയും ചെയ്വാൻ കഴിയുന്ന ദൈവം സ്വർഗ്ഗത്തിലാകട്ടെ ഭൂമിയിലാകട്ടെ ആരുള്ളു ? ഞാൻ കടന്നു ചെന്നു യോർദ്ദാന്നക്കരെയുള്ള നല്ല ദേശവും മനോഹരമായ പർവ്വതവും

ലെബാനോനും ഒന്നു കണ്ടുകൊള്ളട്ടെ എന്നു പറഞ്ഞു. എന്നാൽ യാഹോവ നിങ്ങളുടെ നിമിത്തം എന്നോടു കോപിച്ചിരിക്കുന്നു. എൻെറ അപേക്ഷ കേട്ടതുമില്ല. യഹോവ എന്നോട്ട് മതി; ഈ കാര്യത്തെക്കുറിച്ച് ഇനി എന്നോട്ട് സംസാരിക്കരുത്.' (ആവത്ത. 3: 23—26).

മോശ നെബോവ പർവ്വതത്തിൽ പിസ്ഗായുടെ മുകളിൽ കയറി. ദൈവം കനാൻ ദേശം അവനെ കാണിച്ചു. മോശ നൂററിരുപതു വയസ്സുള്ളവനായി മരിക്കുന്നു. താഴ്‌വരയിൽ അടക്കപ്പെട്ടുകയും ചെയ്യുന്നുണ്ട്. അവമൻറ ശവക്കുഴി ഇന്നുവരേയും ആരും കണ്ടിട്ടില്ല.

വി. യൂദായുടെ ലേഖനത്തിൽ അവൻെറ ശരീരത്തെക്കുറിച്ച് ഒരു വാഗ്വാദം ഉണ്ട്. ഉയിർപ്പിക്കാൻ ശക്തിയുള്ള പ്രധാന ദൂതൻ അവിടെ വന്നു (മിഖായേൽ) എന്നും സാത്താനെ ആട്ടി ഓടിക്കുന്നതും നാം വായിക്കുന്നുണ്ട്. ശക്തിയുള്ള ഒരാൾ അവിടെ വന്നു എങ്കിൽ കണിശമായും മോശ ഉയിത്ത് എഴുന്നേററിരിക്കണം. ലാസറിൻെറ കല്ലറയ്ക്കു് അരികെ നിന്നുകൊണ്ടു് ഉയിർപ്പിൻ ജീവനുള്ള വാക്കുകൾ ഉച്ചരിക്കപ്പെട്ടപ്പോൾ മരിച്ച ലാസർ ഉയിത്തെഴുന്നേററു.

ഉയിത്തെഴുന്നേററ മോശയും ശരീരത്തോട്ട് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട പ്രവാചകനായ ഏലിയാവും ക്രിസ്തുവിനോട്ടകൂടെ മറുരൂപ മലയിൽ നാം ദർശിക്കുന്നില്ലെ ?

ഇയിഡർഷൻ എന്ന വേദപണ്ഡിതൻ പറയുന്നതു്: 'കനാൻ ദേശത്തേക്കാൾ വളരെ മനോഹരമായ ഒരു സ്ഥാനം പിസ്ഗാ മലമുകളിൽ ദൈവം മോശയ്ക്കുവേണ്ടി ഒരുക്കി വെച്ചിട്ടുണ്ട്.'

'അവൻെറ ഭവനത്തിൽ ഒക്കെയും മോശ വിശ്വസ്ത നായിരുന്നതു് അരുളിച്ചെയ്യാനിരുന്നതിന്നു സാക്ഷ്യം പറയുന്ന ഭൃത്യനായിട്ടത്രെ. ക്രിസ്തുവൊ അവൻെറ ഭവനത്തിന്നു അധികാരിയായ പുത്രനായിട്ട തന്നെ. പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം അവസാനത്തോളം മുറുകെ പിടിച്ചുകൊണ്ടാൽ നാം തന്നെ അവൻെറ ഭവനം ആകുന്നു.' (എബ്രാ. 3: 5, 6).

സീനായി മലയിൽ ക്രിസ്തുവിൻെറ മുൻകുറിയാകുന്ന മോശ ദൈവത്തോടുകൂടെ പാറയുടെ അടുത്തുനിന്നു. മറുരൂപ മലയിലെ ദശനത്തിൽ മോശ ക്രിസ്തുവിനോടുകൂടെ നിന്നു. നമുക്കും ഈ പദവി ലഭ്യമാകുമൊ?

# 5. സ്വപ്നക്കാരൻ യോസേഫ്

ബാല്യകാലത്തിൽ യോസേഫ് അനുസരിക്കുവാൻ പഠിച്ചിരുന്നു. അവൻെറ സഹോദരന്മാരുടെ ക്ഷേമം അന്വേഷിക്കുന്നതിനായി അവൻെറ അപ്പൻ അവനോടു് ശേഖേമിലേക്കു പോകുവാൻ ആവശ്യപ്പെട്ടപ്പോൾ ഉടനടി സന്തോഷപൂർവ്വം യോസേഫ് പോയി, അവൻ ശേഖേമിൽ എത്തിയപ്പോൾ സഹോദരന്മാരെ അവിടെ കണ്ടില്ല. കാണാത്തതുകൊണ്ടു് അവൻ യാത്ര നിൎത്തി മടങ്ങിപ്പോയതുമില്ല. അവൻ ക്ഷീണഗാത്രനായി എങ്കിലും അവരെ അന്വേഷിച്ചുകൊണ്ടു് അങ്ങുമിങ്ങും അലഞ്ഞു തിരിഞ്ഞു യാത്ര തുടൎന്നു. അപ്പോൾ ഒരു മനുഷ്യൻ അവനെ കണ്ടുമുട്ടി. അവൻെറ സഹോദരന്മാർ ആടുകളെ ദോഥാ

നിലേക്കു കൊണ്ടുപോയി എന്നു് അവൻ യോസേഫി നോടു പറഞ്ഞു. അവൻ അവിടെയും ചെന്നു. യോസേഫ് തൻെറ പിതാവിൻെറ ആജ്ഞ അനുസരിച്ചു, അങ്ങനെ വളരെയധികം സമയം അവൻ ചെലവഴിച്ചു.

ദോഥാനിൽവച്ചായിരുന്നു അവൻെറ സഹോദരന്മാർ അവനെ അടിമയായി വിൽക്കുവാൻ തീരുമാനിച്ചതു്. സ്വന്ത ഭവനത്തിൽനിന്നും പിതാവിൽനിന്നും വേർപിരിഞ്ഞു ദീർഘ വർഷങ്ങൾ മിസ്രയീമിൽ ചെലവഴിക്കേണ്ടി വന്നു. എങ്കിലും യോസേഫ് ദൈവത്തെ അനുസരിക്കുവാൻ പഠിച്ചിരുന്നു. അതുകൊണ്ടു് അവനു് തൻെറ കഷ്ടതകളെ ജയിക്കുന്നതിനും മിസ്രയീമിൽവച്ചുള്ള അനുഭവങ്ങളെ ശരിയായി ഉപയോഗിക്കുന്നതിനും തക്കതായ പരിശീലനം ലഭിച്ചു. അവൻ ദൈവത്തോടു വിശ്വസ്തനായിരുന്നു, ദൈവം അവനോടും വിശ്വസ്തനായിരുന്നു.

ഹൃദയംഗമമായ അനുസരണവും സേവനവും പ്രതിബന്ധങ്ങൾക്കെതിരെ വിജയം കൈവരുത്തുന്നു.

ഒരു ദിവസം യോസേഫ് തൻെറ സഹോദരന്മാരുടെ അടുക്കലേക്കു വരുന്നതു കണ്ടപ്പോൾ അവർ പറഞ്ഞു: ''അതാ സ്വപ്നക്കാരൻ വരുന്നു.'' അതിനുശേഷം അവർ അവനെ കൊല്ലുവാൻ ഗൂഢാലോചന ചെയ്തു. പൊട്ടക്കിണററിൽ ഇട്ടുകളഞ്ഞു എങ്കിലും പിന്നെത്തേതിൽ വഴിപോക്കരായ മിസ്രയീമ്യക്കച്ചവടക്കാർക്കാണു് വില്ക്കപ്പെട്ടതു്. അവർ മിസ്രയീമിൽ പൊത്തിഫേറിനു വില്ക്കയാണു ചെയ്തതു്.

പൊത്തിഫേറിൻെറ ഭവനത്തിൽ യോസേഫ് പ്രധാന കാര്യവിചാരകനായി നിയമിക്കപ്പെട്ടു. അവൻ

തൻെറ യജമാനനെ വിശ്വസ്തതയോടുകൂടെ സേവിച്ചു. ഭവനത്തിലെ സകല കാര്യങ്ങളിലും പൊത്തിഫേർ തന്നെ വിശ്വസിച്ചിരിക്കയാണെന്നു യോസേഫിനു് അറിയാമായിരുന്നു. ആ വിശ്വസ്തതയ്ക്കു് അവൻ ഭംഗം വരുത്തിയില്ല. യോസേഫ് കഷ്ടത സഹിച്ചതു് പാപം ചെയ്തതുകൊണ്ടല്ല. പിന്നെയോ അതിനോടു് എതിർത്തു പോരാടിയതുകൊണ്ടാണു്. അവൻ അവിടെ പത്തു വർഷം ജോലി ചെയ്തു. അന്യദേശത്തുള്ള ഭവനത്തിൽ യോസേഫിനോടുകൂടി അവൻെറ ദൈവം ഉണ്ടായിരുന്നു. ദൈവത്തിൻെറ കല്പന ലംഘിക്കുന്നതിനു് അവൻെറ യജമാനൻെറ ഭാര്യ അവനോടു് ആവശ്യപ്പെട്ടു. ഇന്നത്തെ യൌവനക്കാർക്കു വരാവുന്ന ഒരു ആപത്താണു് ഈ തരത്തിലുള്ള പരീക്ഷ. യോസേഫ് പറയുന്നതു്: ''ഇത്ര വലിയ പാപം എൻെറ ദൈവത്തിനു് എതിരെ എങ്ങനെ ചെയ്യും?''

യോസേഫിൻെറ ജീവിതത്തിലെ നിർണ്ണായകമായ സംഭവങ്ങളിൽ ഒന്നു് അവൻെറ ഹൃദയത്തിൻെറയും ശരീരത്തിൻെറയും വിശുദ്ധി വെളിപ്പെടുത്തി. പൊത്തിഫേറിൻെറ ഭാര്യ പാപം ചെയ്യാനായി അവനെ പ്രേരിപ്പിച്ചപ്പോൾ അവൻ അതിനു വഴങ്ങിയില്ല. പൊത്തിഫേറിൻെറ വീട്ടിൽ പ്രധാന കാര്യവിചാരകനായി നിയമിക്കപ്പെട്ടു. അവൻ തന്റെ യജമാനനെ വിശ്വസ്തതയോടെ സേവിച്ചു. ഭവനത്തിലെ സകല കാര്യങ്ങളിലും പൊത്തിഫേർ തന്നെ വിശ്വസിച്ചിരിക്കയാണെന്നു യോസേഫിനു് അറിയാമായിരുന്നു. ആ വിശ്വസ്തതയ്ക്കു് അവൻ ഭംഗം വരുത്തിയില്ല.

സ്വപ്നക്കാരൻെറ ചില സ്വഭാവ ലക്ഷണങ്ങൾ നമ്മിൽ എല്ലാവരിലും ഉണ്ടു്. ദൈവം ഓരോ ഹൃദയത്തിലും ശ്രേയോന്മുഖമായ അഭിവാഞ്ഛകൾ പാകിയിട്ടു

ണ്ട്. ആദർശങ്ങൾ ആകാശകോട്ടകൾപോലെ നമ്മെ ഉത്തേജിപ്പിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ നമ്മുടെ ആത്മാക്കളെ ഉണർത്തുവാൻ പര്യാപ്തമായ സ്വപ്നങ്ങൾക്കുവേണ്ടി നാം ദൈവത്തിനു സ്തോത്രം ചെയ്യണം.

ദൈവത്തിനു സ്തോത്രം ചെയ്യുവാൻ നിദാനങ്ങളായി ത്തീരുന്ന സ്വപ്നങ്ങൾ നാം മുറുകെപ്പിടിച്ചുകൊള്ളേണ്ട വയും ആകുന്നു. ആ ശ്രേയോന്മുഖമായ സ്വപ്നങ്ങളി ലൂടെ ജീവിത കർത്താവിൻെറ ശബ്ദം ചില സൽപ്രവൃത്തി കളോ മഹൽസേവനങ്ങളോ നിർവഹിപ്പാൻ നമ്മെ ക്ഷ ണിക്കുന്നു.

തൈങ്ങളിൽ വിട്ടുവീഴ്ച ചെയ്യാതിരിപ്പാനും പ്രവർത്ത നങ്ങൾ ഇടയ്ക്കുവെച്ച് നിർത്തിക്കളയാതിരിപ്പാനും തന്നെ ദൈവം സഹായിക്കണമെന്നു് ഒരു കവി പ്രാർത്ഥിക്കുകയു ണ്ടായി. നാം മഹത്തരമായ ഉദ്യമങ്ങൾ ഏറ്റെടുക്കണം. സുധീരമായി പ്രവർത്തിക്കണം. സത്യവും നന്മയും സൌ ന്ദര്യവും ലക്ഷ്യമാക്കിക്കൊണ്ടുള്ള മനുഷ്യവംശത്തിൻെറ മുന്നേററത്തിലെ ഓരോ ചുവടും ധീരാത്മാക്കളായ ഓരോ സ്വപ്നക്കാരാൽ നയിക്കപ്പെട്ടിരുന്നു. അവരുടെ സ്വപ്നം മററുള്ളവരുടെ രക്ഷയായിത്തീർന്നു.

ദൈവം നമുക്കു കയറുവാൻ കുന്നുകൾ തരുന്നു. അ തോടൊപ്പംതന്നെ കയറുന്നതിനുള്ള ശക്തിയും. വിനീത സ്ഥാനങ്ങളിൽ ദൃഢമായ നില പാലിക്കുവാൻ കഴിവി ല്ലാത്ത ആരും തൻെറ ജീവിതത്തിൽ ഉന്നതമായ സ്ഥാന ത്തിനു് അർഹരായിത്തീരുകയില്ല. ദൈവത്തെ കാണുന്ന തിനുള്ള ഒരു പ്രധാനപ്പെട്ട വ്യവസ്ഥ ഹൃദയശുദ്ധിയത്രെ.

ക്രിസ്തുവിൻെറ നീതിയുടെ വെളിച്ചത്തിൽ നാം നമ്മെത്തന്നെ പരിശോധിക്കുന്നതു നന്നായിരിക്കും. ദൈ

വദൎനം മറച്ചുകളയുന്ന ചില സ്വാഭാവിക പാപങ്ങൾ അവിശ്വസ്തത, അത്യാഗ്രഹം, ദുർമ്മോഹം, അസൂയ എന്നിവയാണു്. ഇവ മററു പാപങ്ങൾ ചെയ്യുന്നതിലേക്കു നമ്മെ എളുപ്പത്തിൽ നയിക്കുന്നു. ''ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും.''

നമ്മുടെ യശസ്സു്, നാം ആരാണെന്നു് മററുള്ളവർ ചിന്തിക്കുന്നതത്രെ. നമ്മുടെ സ്വഭാവം യഥാൎത്ഥത്തിൽ നാം ആരാണു് എന്നുള്ളതാണു്.

പൊത്തിഫേറിൻെറ വീട്ടിൽനിന്നു യോസേഫ് കാരാഗൃഹത്തിലേക്കാണു് പോയതു്. കാരാഗൃഹത്തിൽ നിന്നു് പിന്നീട്ടു് രാജകൊട്ടാരത്തിലേക്കാണു്. അവൻ ഒടുവിൽ മന്ത്രിയായിത്തീൎന്നു.

യോസേഫിൻെറ മിസ്രയീമിലെ വാസത്തെപ്പററിയുള്ള വൃത്താന്തങ്ങളിൽ നമ്മെ ഏററവും സ്പൎശിക്കുന്നതായ ഭാഗം അവൻെറ അപ്പനായ യാക്കോബിൻെറ നിലയാണു്. ആ ദിവസങ്ങൾ എത്ര ദുരിതകരവും നിരാശാജനകവുമായി ആ പിതാവിനു തോന്നിയിരിക്കണം! യോസേഫ് മരിച്ചുപോയി എന്നുള്ള വിശ്വാസത്തിൽ വളരെ വർഷങ്ങൾ അവൻ ചെലവഴിച്ചു. അതികഠിനമായ ക്ഷാമത്തിൻെറ ഘട്ടത്തിൽ അപ്രകാരമുള്ള ദുഃഖങ്ങൾ സഹിക്കുവാൻ വളരെ പ്രയാസങ്ങൾ തോന്നുമായിരുന്നു. അപ്പോൾ അതാ, ശിമയോൻ മിസ്രയീമിൽ ഒരു തടവുകാരനായി പിടിക്കപ്പെട്ടു. ബെന്യാമിനെ അവർ അവനിൽ നിന്നും അകററിക്കൊണ്ടു പോകുവാൻ തുടങ്ങുകയായിരുന്നു. അഗാധമായ ഹൃദയവേദനയോടും തികഞ്ഞ നിരാശയിലും യാക്കോബ് രോദനം ചെയ്തു. ''സകലവും എനിക്കു് പ്രതികൂലം തന്നെ.''

എന്നാൽ യോസേഫ് മരിച്ചിട്ടില്ലായിരുന്നു. ശിമയോനും ബന്യാമിനും യാതൊരു ഉപദ്രവവും ഉണ്ടായിരുന്നില്ല. ഇരുപതു വെള്ളിക്കാശിനുവേണ്ടി ഒരുകാലത്ത് വില്ക്കപ്പെട്ട യോസേഫിനോടുകൂടെ ആ കുടുംബങ്ങൾ വീണ്ടും യോജിക്കപ്പെട്ടു; ആ സ്വപ്നക്കാരൻ അവരുടെ രക്ഷകനായിത്തീൎന്നു.

നാമും ചിലപ്പോൾ ഏതെങ്കിലും പ്രത്യേക പരിശോധനയിലൊ കഷ്ടതയിലൊ കൂടെ കടന്നുപോകുവാൻ വിളിക്കപ്പെടുന്നുണ്ട്. പലപ്പോഴും നാം അഭിമുഖീകരിക്കുന്ന കൊടുങ്കാററുകൾ നമുക്കു സഹിക്കാവുന്നതിലപ്പുറമാണെന്നു് തോന്നിയേക്കാം. "സകലവും എനിക്ക് പ്രതികൂലം തന്നെ" എന്ന പരിദേവനം ചെയ്യുവാൻ നാം പരീക്ഷിക്കപ്പെടുമ്പോൾ നാം ദൈവത്തിൻെറ കാരുണ്യപ്രവൎത്തനങ്ങളെ തെററിദ്ധരിക്കയൊ തെററായി വ്യാഖ്യാനിക്കുകയൊ ചെയ്യുകയായിരിക്കാം എന്നു് ഓൎക്കണം.

ക്രിസ്തീയ ജീവിതം എപ്പോഴും സുഗമമായിരിക്കുകയില്ല. എന്നാൽ ദൈവത്തിൻെറ കൃപ എപ്പോഴും മതിയായതാണു്.

മുമ്പ് ഒരവസരത്തിൽ തൻെറ ജീവനെ അപായപ്പെടുത്തുവാൻ ഗൂഢാലോചന ചെയ്ത തൻെറ ജ്യേഷ്ഠസഹോദരന്മാർ മിസ്രയീമിൽ യോസേഫിൻെറ മുമ്പിൽ നിന്നു. ആ സന്ദർഭം പകപോക്കുവാനുള്ള ഒരു അവസരമായിട്ടല്ല, നഷ്ടപ്പെട്ട സൗഹാർദ്ദവും സ്നേഹവും വീണ്ടെടുക്കുവാനുള്ള ഒരവസരമായിട്ട് യോസേഫ് വീക്ഷിച്ചു.

ആൎക്കെങ്കിലും പ്രതികാരം ചെയ്യുവാൻ തക്ക കാരണവും അതിനു് ഏററവും പററിയ സന്ദർഭവും കിട്ടിയിട്ടുണ്ടെങ്കിൽ അതു് യോസേഫിനായിരുന്നു. എന്നാൽ തന്റെ വികാരങ്ങളെയും ഇച്ഛകളെയും ദൈവം നിയന്ത്രിച്ചു ഭരി

ക്കവാൻ സ്വയം വിധേയപ്പെട്ടത്തിയ ഒരുവനായിരുന്നു അവൻ. ഉയർച്ച താഴ്ചകൾ നിറഞ്ഞ ജീവിതത്തിൽ ദൈവോദ്ദേശ്യം കണ്ടുപിടിക്കുന്നതിനും ഓരോ ഘട്ടത്തിലും നന്മ അന്വേഷിക്കുന്നതിനും അവൻ അഭിലഷിച്ചു. തന്നെ ദ്രോഹിച്ചവരായ ആളുകളോട്ട് പ്രതികാരം ചെയ്യുവാനുള്ള പരീക്ഷയോട്ട് എതിർത്തു പോരാടുവാൻ അവൻ പഠിച്ചിരുന്നു. തിന്മയ്ക്കു് പകരം നന്മ ചെയ്യുവാൻ അവൻ അഭ്യസിച്ചിരുന്നു.

മററുള്ളവർ നമ്മോട്ട് ചെയ്തിട്ടുള്ള ദ്രോഹങ്ങൾക്ക് എതിരായി നീതി നടത്തി എടുക്കുവാനുള്ള സന്ദർഭങ്ങൾ നമുക്കെല്ലാവക്കും ലഭിക്കുന്നുണ്ട്. എന്നാൽ അവ കരുണ കാണിപ്പാനുള്ള സന്ദർഭങ്ങളാണെന്നും നാം ഓക്കണം, ദൈവത്തിന്റെ ഹിതം നാം അന്വേഷിക്കുമെങ്കിൽ ഓരോ ഘട്ടത്തെയും ശരിയായി ഉപയോഗിപ്പാനുള്ള മാഗ്ഗം അവൻ കാണിച്ചുതരും.

നീതിന്യായനിവ്വഹണംമൂലം നശിപ്പിക്കപ്പെടുന്നവ പലപ്പോഴും കരുണമൂലം ഉദ്ധരിക്കപ്പെടുന്നു.

"എന്നെ ഇവിടെ വിററതുകൊണ്ടു് നിങ്ങൾ വ്യസനിക്കുകയും വിഷാദിക്കുകയും വേണ്ടാ, ജീവരക്ഷയ്ക്കായി ദൈവം എന്നെ നിങ്ങൾക്കു മുമ്പെ അയച്ചതാകുന്നു."

തൻെറ സഹോദരന്മാരാൽ നിർദ്ദാക്ഷണ്യമായ വിധത്തിൽ ദ്രോഹിക്കപ്പെട്ട യോസേഫിനു് ഇപ്പോൾ അവരോട്ട് എന്തും ചെയ്യുവാനുള്ള സന്ദർഭം കിട്ടി. എന്നാൽ അവർ പ്രതീക്ഷിച്ചപ്രകാരം വിരോധത്തിൻെറയൊ പകയുടെയൊ വാക്കുകൾ പറയാതെ അവൻ ആശ്വാസത്തിൻെറയും ക്ഷമയുടെയും വാക്കുകൾ മാത്രം പറഞ്ഞു.

ഈ സ്നേഹത്തിൻെറ ഉത്ഭവസ്ഥാനം ഏതാണ്? അവൻ തന്നെ അവരോട്ട് പറയുന്നു: 'ജീവരക്ഷയ്ക്കായി ദൈവം എന്നെ നിങ്ങൾക്കു മുൻപെ അയച്ചതാകുന്നു.' തൻെറ സഹോദരന്മാർ തന്നോട്ട് ചെയ്ത ദ്രോഹത്തിൽ ദൈവോദ്ദേശ്യങ്ങൾ കാണ്മാൻ അവൻെറ ദൈവവിശ്വാസം അവനെ സഹായിച്ചു.

ഒരു മനുഷ്യനു ശ്വാസകോശത്തിൽ അർബ്ബുദവ്യാധി പിടിച്ച് ചികിത്സകൾക്ക് വിധേയനായി കഴികയായിരുന്നു. ഒരു പ്രാവശ്യത്തെ ചികിത്സയ്ക്കുശേഷം അവൻ പറഞ്ഞു: "ഈ ചികിത്സ എന്നെ രക്ഷിച്ചേക്കാം അഥവാ രക്ഷിക്കയില്ലായിരിക്കാം. ഏതായാലും ഈ സുഖക്കേട്ട സംബന്ധിച്ച് ഡോക്ടറന്മാർക്കുള്ള പരിജ്ഞാനം വർദ്ധിപ്പിക്കുവാൻ അവ സഹായകമായിരിക്കുന്നു. ഒരു കാലത്ത് അതിൻെറ പ്രയോജനം ആർക്കെങ്കിലും ലഭിക്കും.'

ഇപ്രകാരമുള്ള വിശ്വാസം മനോവിഷമങ്ങളെ തുടച്ചു മാററുന്നുണ്ട്. അതു ബാഹ്യ പരിതഃസ്ഥിതികൾക്കപ്പുറം കടന്നു അന്വേഷിക്കുന്നതിനും, ദൈവത്തിനു നമ്മോട്ട് പറയുവാനും നമ്മിൽക്കൂടി പ്രവർത്തിക്കുവാനുമുള്ള കാര്യങ്ങൾ കണ്ടുപിടിക്കുവാൻ നമ്മെ സഹായിക്കുന്നു. ആദ്യം ആശയം ഗ്രഹിപ്പാൻ നമുക്ക് സാധിച്ചില്ലെങ്കിൽതന്നെയും ദൈവം അതു നമ്മെ കാണിക്കുന്ന സമയംവരെ നമുക്ക് വിശ്വാസപൂർവ്വം കാത്തിരിക്കാം.

ദൈവത്തിനു നമ്മെക്കുറിച്ചുള്ള വിചിന്തനങ്ങൾ ഒരിക്കലും ദോഷകരമായിട്ടുള്ളവയല്ല; എപ്പോഴും ഗുണകരമായിട്ടുള്ളവയാണ്.

യോസേഫ് അവരോട്ട്: 'നിങ്ങൾ ഭയപ്പെടേണ്ടാ, ഞാൻ ദൈവത്തിൻെറ സ്ഥാനത്ത് ഇരിക്കുന്നുവൊ?

നിങ്ങൾ എന്റെ നേരെ ദോഷം വിചാരിച്ചു. ദൈവമൊ ഇന്നുള്ളതുപോലെ ബഹുജനത്തിനു ജീവരക്ഷ വരുത്തേണ്ടതിനു അതിനെ ഗുണമാക്കി തീൎത്തു.'

യോസേഫിനു് പ്രായപൂൎത്തിയായ കാലം മുതൽ അവനിൽ ശ്രേഷ്ഠാത്മാവുള്ള ഒരു മനുഷ്യനെ നാം കാണുന്നു. അവന്റെ മാഹാത്മ്യത്തിന്റെ രഹസ്യം അവന്റെ ബലമേറിയ വിശ്വാസത്തിലും ദൈവത്തിലുള്ള സമ്പൂൎണ്ണമായ ആശ്രയത്തിലും അടങ്ങിയിരിക്കുന്നു. കാരാഗൃഹത്തിലായിരുന്നാലും കൊട്ടാരത്തിലായിരുന്നാലും അവൻ എപ്പോഴും ഉത്തമൻ തന്നെ. ഡോക്ടർ ജെയിംസ് റീഡ് പറയുന്നു: 'അവന്റെ സാഹചര്യങ്ങൾ എന്തായിരുന്നാലും രാത്രി നക്ഷത്രങ്ങൾക്കു് ഒരു പശ്ചാത്തലമായിരിക്കുന്നതുപോലെ ആ സാഹചര്യങ്ങൾ അവന്റെ സൽഗുണങ്ങൾക്കു് പശ്ചാത്തലമായിത്തീൎന്നു.'

നമ്മുടെ വിശ്വാസത്തിന്റെ തെളിവു്, വിവിധങ്ങളായ അനുഭവങ്ങൾ നിറഞ്ഞ ദൈനംദിന ജീവിതത്തിൽ ആ വിശ്വാസം എപ്രകാരം പ്രാവൎത്തികമായിരിക്കുന്നു എന്നതിലൂടെ പ്രത്യക്ഷമാകുന്നു. ഒരു മനുഷ്യൻ തന്റെ വിമൎശകനെ പിന്തിരിപ്പിച്ചതു് ഈ വാക്കുകളാൽ ആയിരുന്നു: 'ഞാൻ നിങ്ങളോടു് പറയട്ടെ എന്റെ ദൈവവിശ്വാസം എന്നെ സംബന്ധിച്ചിടത്തോളം ഫലപ്രദമായിരിക്കുന്നു. ഞാൻ അവന്റെ സന്നിധിയിൽ ഒരു വിഷമപ്രശ്നം വെക്കുമ്പോൾ ഒന്നുകിൽ അവൻ അതു നീക്കിക്കളയുന്നു, അല്ലെങ്കിൽ അതു കൈകാര്യം ചെയ്യുവാനുള്ള ശക്തിയും വീക്ഷണവും എനിക്കു തരുന്നു.'

നമ്മുടെ ദൈവവിശ്വാസം നമ്മുടെ സാഹചര്യങ്ങൾക്കു തക്കവണ്ണവും അതിലധികമായും നമ്മെ ശക്ത

ന്മാരാക്കുന്നു. ദൈവവിശ്വാസം ജീവിതത്തിന്റെ ദശാസന്ധികളിൽ നമ്മെ ജേതാക്കളാക്കിത്തീർക്കുന്നു.

Prayer makes the darkest cloud with draw;
Prayer climbs the ladder Jacob Saw,
Give exercise to faith and love,
Brings every blessing from above·

# 6. ബാബിലോണിലെ നാലു ബാലന്മാർ

'ഈ നാലു ബാലന്മാർക്കോ ദൈവം സകല വിദ്യയിലും ജ്ഞാനത്തിലും, നിപുണതയും സാമർത്ഥ്യവും കൊടുത്തു.'

ദാനിയേലിനും അവന്റെ സ്നേഹിതന്മാർക്കും യിസ്രായേൽ ദേശത്തുവെച്ചു തന്നെ ബാല്യകാലത്തിൽ തങ്ങളുടെ ഭവനത്തിൽ ശരിയായ പരിശീലനം ലഭിച്ചവരായിരുന്നു. എന്നാൽ അവരുടെ അഭ്യസനംകൊണ്ടു മാത്രം അവർ വിദ്വാന്മാരായിത്തീർന്നില്ല. അവരുടെ ഭാവി അവരുടെ പരിശ്രമത്തിൽ ആശ്രയിച്ചിരുന്നു. ബാല്യകാല വിദ്യാഭ്യാസം ശരിയായിരുന്നു എന്നു് അവർക്കു് മനസ്സിലായതു വളരെ നാളുകൾ കഴിഞ്ഞപ്പോളാണു്.

ധീരന്മാരായ ഈ എബ്രായ ബാലന്മാർ അവരുടെ ജന്മദേശത്തോടു യാത്ര പറഞ്ഞു. അവർ അടിമകളുടെ കൂട്ടത്തിൽ ബാബിലോണിലേക്കാണു് പോയതു്. അവ

രുടെ ഭാവി എന്തു് എന്നു് അവർ അറിഞ്ഞിരുന്നില്ല. സ്വർഗ്ഗീയ നടത്തിപ്പിനു് അവർ വഴങ്ങിയതിനാൽ ദൈവം അവരെ ഏററവും ഉന്നതസ്ഥാനത്തേക്കു് ഉയർത്തി. അന്യ ദേശത്തു് അവർ താമസം തുടങ്ങി. അനവധി കഷ്ടപ്പാടുകളും പരീക്ഷകളും അവക്കു് അനുഭവപ്പെട്ടു. എന്നിരുന്നാലും ആ രാജ്യത്തിലെ രാജാവിനു് ഈ കുട്ടികളോടു് ഒരു പ്രത്യേകത ഉണ്ടായി, അവക്കു് നല്ല ആഹാരം കൊടുക്കുന്നതിനു ആജ്ഞ നല്കി. എന്നാൽ ഒരു കാര്യം, അവരുടെ ദേവന്മാക്കു് (ബിംബത്തിനു്) കാഴ്ചവെച്ചതിനു ശേഷം വേണം എല്ലാവരും ഭക്ഷണം കഴിക്കേണ്ടതു്. ഈ ബാലന്മാർ അതിനു വഴങ്ങിയില്ല. അവർ ആ നല്ല ഭക്ഷണം ഉപേക്ഷിച്ചു. അതിൽ മദ്യവും വിളമ്പിയിരുന്നു. ഇവരുടെ മാതൃക ഇന്നത്തെ യുവതലമുറയ്ക്കു് അനുകരണീയമാകത്തക്കവണ്ണം രേഖപ്പെടുത്തിയതല്ലെ ദൈവം ദാനീയേലിന്റേയും, അവന്റെ സ്നേഹിതന്മാരുടേയും ചരിത്രം വേദപുസ്തകത്തിൽ കൊടുക്കുവാൻ ഇടവന്നതു്. യുവതീയുവാക്കന്മാർ ഇപ്രകാരമുള്ള സ്നേഹസല്ക്കാരവേളയിൽ മ്ലേച്ഛമായ ഭക്ഷണം കാണുമ്പോൾ അതായതു് ആരോഗ്യഹീനമായ ഭക്ഷണപാനീയത്തിൽനിന്നു് ഒഴിഞ്ഞുമാറി നില്ക്കുമൊ? ബാല്യകാലത്തിൽ തങ്ങളുടെ ഭവനത്തിൽ ശീലിച്ചമാതിരിയുള്ള ഭക്ഷണമാണൊ? നമ്മുടെ മുമ്പാകെ വെക്കപ്പെട്ട ആഹാരം ദൈവത്തിനു പ്രസാദമുള്ളതാണൊ? തങ്ങൾ അനുഭവിക്കാൻ പോകുന്നതു് എന്നു് ഒന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ യുവാക്കന്മാരുടെ സാമർത്ഥ്യവും വിദ്യാഭ്യാസവും അത്രപെട്ടെന്നു് വന്നു സംഭവിച്ചതല്ല. ജ്ഞാനത്തിന്റെ ഉറവിടം ദൈവം. അവനിൽ അവർ ആശ്രയിച്ചതിനാൽ ജ്ഞാനത്തിനുവേണ്ടി അവർ പ്രാർത്ഥിച്ചു. അവക്കു് അതു ലഭിച്ചു. പ്രാർത്ഥനാപുരുഷന്മാരായി അവർ

ജീവിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. ബിംബ ത്തെ ആരാധിക്കുന്ന നാട്ടിൽ ജീവനുള്ള ദൈവത്തെ ആരാധിക്കുന്ന കുട്ടികൾ അവരുടെ ആദ്യകാല വിശ്വാസം വിടാതെ ജീവിച്ചതിനാൽ അന്യജാതിക്കാരും, സത്യ ദൈവത്തെ അറിയുന്നതിനു് ഇടയായി. ആരായിരുന്നു അവരുടെ വാദ്ധ്യാർ. സ്വർഗ്ഗത്തിലെ ദൈവം. കാണാൻ പാടില്ലാത്ത ദൈവത്തിൻെറ പ്രബോധനത്തിൽ അവർ ജീവിച്ചു.

ദാനീയേലിനോടും അവൻെറ കൂട്ടുകാരോടുംകൂടെ ഇരുന്ന ദൈവം ഈ കാലത്തും ദൈവഹിതത്തിനു അനു സരിച്ചു് ജീവിക്കുന്ന കുട്ടികളോടുകൂടെ ഉണ്ടു്, നിശ്ചയം. അനുസരണത്തിൻെറ പാതയിൽകൂടി നടക്കുന്നവർക്കു് ജീവിത പ്രയാസവശങ്ങൾ തരണം ചെയ്യുവാൻ സാ ധിക്കും.

ദാനീയേലും അവന്റെ കൂട്ടുകാരും ബാബിലോണിലെ ഉയന്ന ഉദ്യോഗസ്ഥന്മാരുമായി ചേന്നു് തിന്നുകയും കുടി ക്കുകയും ചെയ്തിരുന്നെങ്കിൽ അവരുടെ അവസ്ഥ എന്താ യിത്തീരുമായിരുന്നു ? ചെറിയ തെററിൽനിന്നു ഒഴിഞ്ഞു മാറിയതിനാൽ സ്വർഗ്ഗം അവർക്കു് ഉന്നതസ്ഥാനം കൊടു ത്തു. ചെറിയ തെററു് വലിയ തെററിലേക്കു നമ്മെ നയിക്കുകയാണു്.

ദാനീയേൽ ദൈവത്തോടു് അടുത്തു ജീവിച്ചു. ആയ തിനാൽ പ്രവചനശക്തി അവനു ലഭ്യമായി. ഈ ലോക ത്തിൻെറ അന്ത്യം ഏതു രീതിയിൽ പര്യവസാനിക്കുമെ ന്നുള്ളതു് ദാനീയേൽ സവിസ്തരം പറഞ്ഞിട്ടുള്ളതു് ബൈ ബിളിൽ വളരെ ലളിതമായി പ്രസ്താവിച്ചിട്ടുണ്ടു്.

നാം ദൈവത്തിൽ ശരണം വെക്കുമ്പോൾ നിശ്ചയമായും അവൻ നമ്മെ സഹായിക്കും. നമ്മുടെ ജീവിതം ശുദ്ധമാക്കപ്പെടുന്നതിനു് ആശ്രയിച്ചായിരിക്കും നമ്മുടെ ജീവിത സന്തോഷവും, ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും.

പ്രിയ യുവാക്കളെ, നമ്മുടെ സ്വഭാവം ദാനീയേലിനോട്ട് താരതമ്യപ്പെടുത്തുമൊ? നിർമ്മലമായ രുചിനോക്കൽ നിമിത്തം നമുക്കു് നല്ല മനസ്സും ആരോഗ്യവും ദൈവം നമുക്കു് പ്രദാനം ചെയ്യുന്നു.

ബാബിലോണിൽ ഈ ബാലന്മാർ ദൈവത്തിൻെറ സാക്ഷികളാകുവാൻ വിളിക്കപ്പെട്ടു. ബാബിലോൺ ആകുന്ന ഇന്നത്തെ ഈ ലോകത്തിൽ ദൈവത്തിൻെറ സാക്ഷികളാകുവാൻ ദൈവം നമ്മോട്ടു് ആഹ്വാനം ചെയ്യുകയാണു്. വലിയ ജോലിക്കായി അനേകരും കാത്തിരിക്കയാണു്. എന്നാൽ അവക്കു ലഭിക്കുന്ന ചെറിയ ജോലി നഷ്ടപ്പെടുത്തുക നിമിത്തം വലിയവ ലഭിക്കുന്നതിനു് സാദ്ധ്യമാകുന്നില്ല എന്നവർക്കു മനസ്സിലാക്കാൻ കഴിയാതെ പോകുന്നുണ്ടു്. ഓരോ വേലയും അതിപ്രാധാനമാണെന്നു് വിചാരിക്കുക. നാം വിധിക്കപ്പെടുന്നതു് നമ്മുടെ പ്രവൃത്തിയാൽതന്നെ.

*നേതാക്കൻമാർ*

"രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ഒരു ദൈവം സ്വർഗ്ഗത്തിൽ ഉണ്ടു്, അവൻ ഭാവികാലത്തു സംഭവിക്കാനിരിക്കുന്നതു് നെബൂഖദ്നേസ്സർ രാജാവിനെ അറിയിച്ചിരിക്കുന്നു."[1] രാജാവു് കണ്ട സ്വപ്നമൊ അതിൻെറ അർത്ഥമൊ പറയാൻ സാധിക്കാത്ത ബാബിലോണി വിദ്വാന്മാരെ കൊല്ലുവാൻ രാജാവു് കല്പന കൊടുത്തുകഴിഞ്ഞു.

ആ സമയം ദാനീയേൽ ദൈവത്തോടു പ്രാത്ഥിച്ചുകൊണ്ടിരുന്നു. ഒരു മനുഷ്യനും സാധിക്കാത്ത കാര്യമാണു് രാജാവിൻെറ പ്രസ്താവന. അതിനു് ഒരുത്തക്കും സാധ്യമാകാതെ വന്നതിനാൽ രാജാവിനു കോപം ഉണ്ടായി. സ്വപ്നം പറയാൻ കഴിവില്ലാത്ത അവൻെറ രാജ്യത്തിലെ വിദ്വാന്മാരെ കൊല്ലുവാൻ തീർച്ചയാക്കി. ആ ഗണത്തിൽപ്പെട്ടിരുന്നു ദാനീയേലും അവൻെറ സ്നേഹിതന്മാരും.

ബാബിലോണിലെ മററു മനുഷ്യരും മരിക്കരുതു് എന്നു കരുതി ദാനീയേൽ ക്രിസ്തുവിന്റെ ആത്മാവോടുകൂടി അവക്കുവേണ്ടിയും വാദിച്ചു. ക്രിസ്ത്യാനികൾക്കും ഇതുപോലെയുള്ള അവസരത്തിൽ ഈ ഗുണം ഉണ്ടാകേണ്ടതാണു്. ക്രിസ്തു പറയുന്നു: ''ഞാൻ നഷ്ടപ്പെട്ടവരെ അന്വേഷിക്കുവാനും രക്ഷിപ്പാനുമായിട്ടു വന്നു, നീതിമാന്മാരെയല്ല പാപികളെ മാനസാന്തരത്തിലേക്കു് അത്രെ വിളിപ്പാൻ വന്നതു്.''

ഇന്നത്തെ ക്രിസ്തീയസഭയിലും അതെ ആത്മാവോടുകൂടെ വേണം ദാനീയേലന്മാരായി നാം ജീവിക്കേണ്ടതു്. അപ്പോൾ അന്നത്തെ രാജാവു് തിരിച്ചുപറഞ്ഞതുപോലെ ബിംബത്തെ സേവിച്ചവർ മരിക്കേണ്ടവർതന്നെ എന്നു്. നമ്മുടെ പ്രാത്ഥനയാൽ മററുള്ള ആളുകളും രക്ഷപ്പെടുന്നുണ്ടു്. അന്നത്തെ ആളുകൾ ദാനീയേലിനോടും കൂട്ടുകാരോടും ശത്രു മനോഭാവമായിരുന്നു പ്രകടിപ്പിച്ചിരുന്നതു്. എന്നിട്ടും അവക്കുവേണ്ടി ദാനീയേൽ പ്രാത്ഥിച്ചു.

*'തീച്ചൂളയിൽ നാലുപേർ'*

''ഞങ്ങൾ സേവിക്കുന്ന ദൈവത്തിനു ഞങ്ങളെ വിടുവിക്കുവാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയു

ന്ന തീച്ചൂളയിൽനിന്നും രാജാവിൻെറ കൈയിൽനിന്നും വിടുവിക്കും.'' (ദാനീ. 3: 17).

ദൈവം തനിക്കുള്ളവരെ മറക്കുകയില്ല. എരിയുന്ന തീച്ചൂളയിൽ യഹൂദബാലന്മാർ എറിയപ്പെട്ടപ്പോൾ രക്ഷകൻ ആളത്വമായി അവിടെ പ്രത്യക്ഷപ്പെട്ടു. അവർ ഒന്നിച്ച് അഗ്നികുണ്ഠത്തിൽ നടന്നു. അവരെ ദഹിപ്പിക്കുന്നതിന് ആ അഗ്നിക്ക് ശക്തിയില്ലാതെയായി.

രാജകല്പനയെ ലംഘിച്ച പുരുഷന്മാരുടെ മരണവാർത്ത അറിയുന്നതിനായി രാജാവ് അക്ഷമനായി കാത്തിരിക്കയാണ്. എന്നാൽ അവൻെറ മുഖം മാറി. അവന്റെ ഇരിപ്പിടത്തിൽനിന്ന് എഴുന്നേററു തീച്ചൂളയിലേക്കു നോക്കി. അവൻെറ പ്രഭുക്കന്മാരോട് അവൻ ചോദിക്കുന്നു: ''അഗ്നികുണ്ഡത്തിൽ നാം മൂന്നു മനുഷ്യരെ അല്ലെ ഇട്ടത്? ഇതാ നാലുപേർ കെട്ടു് അഴിഞ്ഞു നടക്കുന്നു. അവർക്ക് ഒരു ഉപദ്രവവും തട്ടീട്ടില്ല. നാലാമത്തവൻെറ രൂപം ദൈവപുത്രനോട്ട് സദൃശമായിരിക്കുന്നു.''

ഒരു അക്രൈസ്തവ രാജാവ് അതു ദൈവപുത്രനാണെന്ന് എങ്ങനെ മനസ്സിലാക്കി? എബ്രായ അടിമകൾ അന്യദേശത്തു വിശ്വസ്തരായി ജീവിച്ച ജീവിതം ഒന്നുമാത്രമാണ്. അവരുടെ വിശ്വാസത്തിൻെറ കാരണം ചോദ്യം ചെയ്തപ്പോൾ അവർ മടികൂടാതെ അവക്കു കാണിച്ചുകൊടുത്തു, നീതിയുടെ ചട്ടങ്ങളെത്തന്നെ. വരുവാനുള്ള രക്ഷകനെക്കുറിച്ച് അങ്ങനെയാണ്. ദൈവപുത്രൻെറ രൂപം രാജാവിനു മനസ്സിലായതു്.

തീച്ചൂളയിൽ കാണപ്പെട്ട ക്രിസ്തു തൻെറ ദാസന്മാർ ഏതു പ്രയാസസ്ഥലത്തായിരുന്നാലും അവിടെയും താൻ വരുമെന്നുള്ളതാണ് അതിൻെറ ലക്ഷ്യം. ഉപദ്രവകാല

ത്തു് അവൻ നമ്മെ കാത്തുകൊള്ളും. ഒരിക്കലും സംഭവിച്ചിട്ടില്ലാത്ത ഉപദ്രവം ലോകത്തിൽ ഉണ്ടാകാൻ പോകുന്നുണ്ടു്. ദൈവകുഞ്ഞുങ്ങൾ ഭയന്നിട്ടാവശ്യമില്ല. അവൻ നമ്മെ കാത്തുകൊള്ളും. സാത്താൻെറ ഒരു ശക്തിയും തൻെറ ഭക്തന്മാരുടെ നേരെ ഫലിക്കാതെവരും. ദൈവത്തിൽ ശരണപ്പെടുന്നവക്കു് യഹോവ കത്താധികത്താവായി വെളിപ്പെടും.

*നെബൂഖദ്നേസ്സർ രാജാവിൻെറ താഴ്ച*

"അവൻ സവ്വ ഭൂവാസികളെയും നാസ്തിയായി എണ്ണുന്നു; സ്വർഗ്ഗീയസൈന്യത്തോടും ഭൂവാസികളോടും ഇഷ്ടംപോലെ പ്രവത്തിക്കുന്നു. അവൻെറ കൈ തടുപ്പാനോ നീ എന്തുചെയ്യുന്നു എന്നു അവനോടു ചോദിപ്പാനോ ആക്കും കഴികയില്ല." (ദാനീ. 4: 35).

ദൈവമക്കൾ ഓരോരുത്തരും നെബൂഖദ്നേസ്സർ രാജാവിൻെറ അവസാനത്തെ സ്വപ്നവും അനുഭവവും ഈ അവസരത്തിൽ മനസ്സിലാക്കിയിരിക്കേണ്ടതാണു്. സ്വപ്നം നിമിത്തം രാജാവു് വ്യാകുലപ്പെട്ടിരുന്നു. രാജാവിനു് ആപത്തു് വരാൻപോകുന്നു. അതു് ആക്കും മനസ്സിലായില്ല. എന്നാൽ വിശ്വസ്തനായ ദാനീയേൽ മടികൂടാതെ രാജാവിൻെറ പ്രീതിയെ വകവെയ്ക്കാതെ രാജാവിനു് വരാൻപോകുന്ന ആപത്തിനെക്കുറിച്ചു പറഞ്ഞു.

സ്വർഗ്ഗീയ ദൂതിനെ രാജാവു് അത്ര കാൎയ്യമായി ഗൗനിച്ചില്ല. അവനു മുന്നറിയിപ്പു് കിട്ടി. ഒരുവർഷം കഴിഞ്ഞു. ഒരുദിവസം അവൻ അരമനയിൽ ഉലാത്തിക്കൊണ്ടിരുന്നപ്പോൾ അവൻ വിചാരിച്ചു: "ഞാൻ പണിത വലിയ ബാബിലോൺ" സ്വർഗ്ഗത്തിലെ ദൈവം അവൻെറ ഹൃദയത്തെ വായിച്ചുകഴിഞ്ഞു, അതാ സ്വൎഗ്ഗ

ത്തിൽ നിന്നൊരു ശബ്ദം. ''രാജത്വം നിന്നിൽനിന്നു എടുക്കപ്പെട്ടിരിക്കുന്നു. മനുഷ്യരിൽനിന്നു നിന്നെ അകററി വയലിൽ മൃഗങ്ങളുടെകൂടെ നിൻെറ താമസമാക്കും. കാളയെപ്പോലെ നീ വൈക്കോൽ ഭക്ഷിക്കും. ഏഴു വർഷം അപ്രകാരം മനുഷ്യരുടെ രാജ്യം അത്യുന്നതനാണ് ഭരിക്കുന്നതു് എന്നറിയുന്നതുവരെ, അതുപോലെതന്നെ നെബൂഖദ്നേസ്സർ രാജാവിനു സംഭവിച്ചു.''

ഏഴു വർഷം പ്രജകൾക്ക് ഒരു അതിശയകരമായിരുന്നു. അവൻ മനുഷ്യരുടെ മുമ്പാകെ താഴ്ത്തപ്പെട്ടു, ദൈവം അവനെ ശിക്ഷിച്ചു എന്നു് അവൻ മനസ്സിലാക്കി. പരസ്യമായി അവൻെറ തെററിനെ സമ്മതിച്ചു. ദൈവത്തിൻെറ കരുണ അവൻ അപേക്ഷിച്ചു.

*ദാനീയേൽ ദൈവത്തിൻെറ അംബാസിഡർ*

''ആകയാൽ അദ്ധ്യക്ഷന്മാരും പ്രധാന ദേശാധിപന്മാരും രാജ്യം സംബന്ധിച്ചു് ദാനീയേലിനു വിരോധമായി കാരണം കണ്ടെത്തുവാൻ അന്വേഷിച്ചു. എന്നാൽ യാതൊരു കാരണവും കുററവും കണ്ടെത്തുവാൻ അവർക്കു കഴിഞ്ഞില്ല. അവൻ വിശ്വസ്തനായിരുന്നതുകൊണ്ടു് ഒരു തെററും കുറവും അവനിൽ കണ്ടെത്തിയില്ല.''
(ദാനീ .6: 4).

ഭൂമിയിലെ വലിയ സാമ്രാജ്യത്തിലെ പ്രധാന മന്ത്രിയാണ് ദാനീയേൽ. അതേസമയം സ്വർഗ്ഗത്തിൽനിന്നുള്ള ദൂതു് അവനു ലഭിക്കുകയും ചെയ്യുന്നു. നമ്മെപ്പോലെ സമസ്വഭാവമുള്ളവൻ. എന്നാൽ അവനിൽ ഒരു തെററും കണ്ടില്ല എന്നാണ് മനുഷ്യരുടെ സാക്ഷ്യം.

ചെറുപ്പക്കാരനായ ദാനീയേൽ ഒരു ഹൈന്ദവ രാജാവിൻെറ പ്രീതി സമ്പാദിച്ചു കഴിഞ്ഞു. പ്രധാന മന്ത്രിയായി അതിവേഗം അവൻ ഉയർത്തപ്പെട്ടു.

ദൈവത്തിൻെറ പ്രതിനിധിയായി ദൈവം അവനെ അംഗീകരിക്കുകയും ചെയ്തു. രാഷ്ട്രത്തിനു വരാവുന്ന എല്ലാ കാര്യങ്ങളും ദാനീയേൽ ആറാം അദ്ധ്യായം മുതൽ പന്ത്രണ്ടാം അദ്ധ്യായം വരെ സവിസ്തരം അവൻ രേഖപ്പെടുത്തിയിട്ടുണ്ട്. ലോക അവസാനത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്.

നെബൂഖദ്നേസ്സർ രാജാവിൻെറ കാലശേഷം പിൻവന്ന രാജാവ് അവൻെറ പ്രഭുക്കന്മാരുടെ ഏഷണി കേട്ടിട്ട് ദാനീയേലിനോടു ദ്രോഹം പ്രവൎത്തിച്ചു. "അങ്ങനെ രാജാവിൻെറ കല്പനയാൽ അവർ ദാനീയേലിനെ കൊണ്ടുവന്നു സിംഹങ്ങളുടെ ഗുഹയിൽ ഇട്ടുകളഞ്ഞു. രാജാവ് ദാനീയേലിനോടു സംസാരിച്ചു. നീ ഇടവിടാതെ സേവിച്ചുവരുന്ന നിൻെറ ദൈവം നിന്നെ രക്ഷിക്കും എന്നു കല്പിച്ചു" (ദാനീ. 6: 16).

ദൈവകുഞ്ഞുങ്ങൾക്ക് എതിരായി സാത്താൻ ഉപദ്രവിക്കുവാൻ അവസരം നോക്കിയിരിക്കയാണ്. ദാനീയേലിന് എതിരായിട്ടുള്ള കപടതന്ത്രം രാജാവ് അറിഞ്ഞിരുന്നില്ല. രാജാവിൻെറ കല്പന അറിഞ്ഞു ദാനീയേൽ അവൻെറ മുറിയുടെ കതക് യറുശലേം ദേവാലയത്തിനു നേരെ തുറന്നിട്ടു പ്രാൎത്ഥിച്ചുകൊണ്ടിരുന്നു. അവനു പ്രാൎത്ഥന ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നാണ്.

ദാനീയേലിനെ സിംഹഗുഹയിൽ ഇടുന്നതിൽനിന്നു ദൈവം ശത്രുക്കളെ തടഞ്ഞതായി കാണുന്നില്ല. സാത്താൻെറ കൂട്ടുകാരുടെ പ്രവൃത്തി സാധിക്കുന്നതിനു ദൈവം അനുവദിച്ചു എങ്കിലും സത്യത്തിൻെറ ശത്രുക്കളെ തോല്പിച്ച് ദൈവം അതിശയകരമായവിധത്തിൽ ദാനീയേലിനെ സിംഹഗുഹയിൽനിന്നു രക്ഷിച്ചു. അങ്ങനെ ദൈവനാമം ജാതികളുടെ ഇടയിൽ മഹത്വപ്പെട്ടു.

പിന്നീട്ട വന്ന രാജാവിൻെറ പേരാണു് ദായ്യാവേശ്. രാജാവു് അതികാലത്തെ സിംഹഗുഹയുടെ അട്ടക്കലേക്ക വന്നു് അതിദുഃഖത്തോടെ വിളിച്ചു പറഞ്ഞതു്: "ജീവനുള്ള ദൈവത്തിൻെറ ദാസനായ ദാനീയേലെ: നീ ഇടവിടാതെ സേവിച്ചു വരുന്ന നിൻെറ ദൈവം സിംഹങ്ങളിൽനിന്നു നിന്നെ രക്ഷിപ്പാൻ പ്രാപ്തനായോ" എന്നു ചോദിച്ചു.

അതിനു പ്രവാചകൻെറ ശബ്ദം "രാജാവു് ദീർഘായുസ്സായിരിക്കട്ടെ. സിംഹങ്ങൾ എനിക്കു് കേട്ട വരുത്താതെ ഇരിക്കേണ്ടതിനു് എൻെറ ദൈവം തൻെറ ദൂതനെ അയച്ചു് അവയുടെ വായ് അടച്ചു കളഞ്ഞു..."

സിംഹഗുഹയിൽ കിടന്ന ദാനീയേൽ രാജ്യത്തിലെ അതിശ്രേഷ്ഠമായ സ്ഥാനത്തു പിന്നെയും എത്തുന്നു. അത്യുന്നതൻെറ പ്രവാചകൻ രാജാവിൻെറ ജോലിയിൽ പ്രവേശിച്ചു. ദൈവത്തിൽ ആശ്രയിക്കുന്നവക്കു് ദാനീയേലിനെപ്പോലെ കഷ്ടതയിൽനിന്നു രക്ഷപ്പെട്ടുവാനുള്ള സാദ്ധ്യതകൾ ധാരാളമുണ്ടു്.

യിസ്രായേൽ ജനതയ്ക്കുവേണ്ടി ദാനീയേൽ യിരെമ്യാ ദീർഘദർശിയുടെ പ്രവചനം പഠിക്കുവാൻ തുടങ്ങി. "യെരുശലേമിൻെറ നാശത്തിനുശേഷം എഴുപതു ആണ്ടു കഴിയുമ്പോൾ ദൈവം അതിനെ യഥാസ്ഥാനത്താക്കും."

ദാനീയേൽ ഈ പ്രവചന നിവൎത്തിക്കായി "അപ്പോൾ ഞാൻ ഉപവസിച്ചും രട്ടുടുത്തും വെണ്ണീറിൽ ഇരുന്നുംകൊണ്ടു് പ്രാൎത്ഥനയോടും യാചനകളോടുംകൂടെ അപേക്ഷിക്കേണ്ടതിനു ദൈവമായ കൎത്താവിങ്കലേക്ക മുഖം തിരിച്ചു് എൻെറ ദൈവമായ യഹോവായോട്ടു ഞാൻ പ്രാൎത്ഥിച്ചു ഏറ്റു പറഞ്ഞതു് എന്തെന്നാൽ തന്നെ സ്നേ

ഷിക്കുന്നവക്കും തൻെറ കല്പനകളെ പ്രമാണിക്കുന്നവക്കും നിയമവും ദയയും പരിപാലിക്കുന്നവനായി മഹാനും ഭയങ്കരനുമായ ദൈവമായ കത്താവെ ഞങ്ങൾ പാപം ചെയ്തു."

ദാനീയേൽ പ്രാത്ഥിച്ച പ്രാത്ഥന ഏതു തരത്തിലുള്ളതായിരുന്നു. അവൻെറ താഴ്ചയെയാണ് ഇവിടെ കാണുന്നതു്. പ്രാത്ഥനക്കു് ഉത്തരമായി സ്വൎഗ്ഗം ഒരു ദൂതനെ അവൻെറ അടുക്കലേക്ക് അയക്കുന്നു. ഈ കാലയളവിലും ഈ തരത്തിലുള്ള പ്രാർത്ഥന നാം പ്രാർത്ഥിച്ചാൽ ദൈവത്തിൻെറ അടുക്കലേക്കു ചെല്ലുകതന്നെ ചെയ്യും. "നീതിമാൻെറ എരിവോടുകൂടെയുള്ള പ്രാർത്ഥന വലിയ ഫലം ചെയ്യും." പഴയനിയമ കാലത്തു കഴിച്ചിരുന്ന പ്രാർത്ഥനക്കു് മറുപടിയായി സ്വർഗ്ഗത്തിൽനിന്നു തീ ഇറങ്ങി ബലിപീഠത്തിൽ ഉള്ള യാഗത്തെ ദഹിപ്പിക്കുമായിരുന്നു. അതുപോലെ നമ്മുടെ പ്രാത്ഥനക്കു് ഉത്തരമായി സ്വർഗ്ഗീയ തീ നമ്മുടെ ആത്മാക്കളിലേക്കു വരുന്നതാണ്.

ദാനീയേലിൻെറ ആവശ്യം ദൈവത്തോടു ചോദിച്ചു. നമുക്കും ചോദിക്കാം. ലോകചരിത്രത്തിൻെറ അവസാനഭാഗത്തു് ജീവിച്ചിരിക്കുന്നവരായ നാം നമ്മുടെ എല്ലാ പ്രവത്തനത്തിനും ഇതുപോലെ ഭാരമുണ്ടായിരിക്കേണ്ടതാണ്. നുറുങ്ങിയ ഹൃദയത്തോടെ ദൈവത്തിൻെറ അടുക്കലേക്കു നാം അടുത്തു ചെല്ലുമ്പോൾ ദാനീയേലിൻെറ പ്രാത്ഥന കേട്ട ദൈവം നമ്മുടെയും പ്രാർത്ഥന കേൾക്കും. നമ്മുടെ ആവശ്യങ്ങൾ വളരെ. പ്രയാസങ്ങൾ അതിലും ഉപരി. എന്നാൽ വിശ്വാസത്തോടെ നമ്മുടെ ഉദ്ദേശങ്ങളെ നിറവേററുന്നതിനുവേണ്ടി ദൈവ മുമ്പാകെ നാം താഴവാൻ ശ്രമിക്കുക. അപ്പോൾ ദാനീയേലിൻെറ പ്രാത്ഥനാവേളയിൽ സംഭവിച്ചതു നമുക്കും ലഭിക്കുന്നതാണ്,

ബാബിലോണിലെ പിന്നത്തെ രാജാവു് (ദിനവൃ ത്താന്തം) റിക്കാർഡ്ു് പരിശോധിച്ചപ്പോൾ (പ്രവചനം) യഹൂദന്റെ ദൈവം എല്ലാവരുടെ ദൈവവും രാജ്യ ത്തിന്റെ അവസാനത്തെക്കുറിച്ചു പറഞ്ഞിട്ടുള്ളതും മന സ്സിലാക്കി യഹൂദ ജാതിയെ സ്വതന്ത്രരാക്കി. നശിച്ചു കി ടന്ന ദേവാലയം പുതുക്കിപ്പണിയുന്നതിനും സഹായിക്കു കയും ചെയ്തു.

വീണ്ടും ദൈവത്തിന്റെ ജനമായ യഹൂദജാതി ദുഷ്ടത പ്രവൎത്തിച്ചു തുടങ്ങി. യേശുക്രിസ്തുവിനെ ക്രിസ്തുവായി യഹൂദജാതി അംഗീകരിപ്പാൻ മനസ്സില്ലാതെ വന്നു. യെരൂ ശലേം ദേവാലയത്തെ നോക്കിക്കൊണ്ടു് യഹൂദന്മാർ നി ഗളിച്ച അവസരം ക്രിസ്തു പറഞ്ഞതു്: ''കല്ലിന്മേൽ കല്ലു് ശേഷിക്കാത്ത കാലം വരുന്നു'' എന്നായിരുന്നു.

ഈ പ്രവചനം പറഞ്ഞു നാല്പതു വർഷം കഴിഞ്ഞു. അതായതു് എ. ഡി. 70 ആഗസ്റ്റ് 9-ാം തീയതി യെരൂശ ലേം റോമാ പടയാളികളാൽ നിരോധിച്ചു ദേവാലയം കൈ ക്കലാക്കപ്പെട്ടു. ക്രിസ്തു പറഞ്ഞ പ്രവചനം അക്ഷരംപ്രതി നി റവേറി. യഹൂദജനം ലോകത്തിൽ നാനാഭാഗത്തേക്കും ഓടിപ്പോയി എന്നാണു് ചരിത്രം തെളിയിക്കുന്നതു്.

ലോകചരിത്രത്തിന്റെ അവസാന ഭാഗത്തു നമ്മുടെ കൎത്താവു് സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങി ചിതറിക്കപ്പെട്ട എല്ലാ ദൈവമക്കളെയും കൂട്ടിവരുത്തി രാജാധി രാജാ വായി വാഴുന്നതാണു്.

Dare to be a Daniel,
  Dare to stand alone;
Dare to have a purpose firm,
  Dare to make it known.

P. P. BLISS.

# 7. ഏലിയാ പ്രവാചകൻ

ഏലിയാ പ്രവാചകൻെറ ജനനത്തെ സംബന്ധിച്ച വലിയ രേഖ ഒന്നും വേദപുസ്തകത്തിൽ കാണുന്നില്ല. എന്നാൽ അവൻെറ ജന്മദേശം യോർദ്ദാന്നു കിഴക്കുള്ള ഗിലയാദ് ആകുന്നു.

ആ കാലത്തു് യിസ്രായേൽ രാജ്യം ഭരിച്ച ആഹാബ് രാജാവു് പ്രജകളെ തെററായ മാർഗ്ഗത്തിൽ നടത്തി. രാജാവിൻെറ ഭാര്യ ഇസബേൽ ബാൽ ദേവനെ വന്ദിക്കുന്നവളായിരുന്നു. അതുകൊണ്ടാണ് രാജാവും അവളുടെ മാർഗ്ഗത്തിനു വഴിപ്പെട്ടുപോയതു്. ഈ കാലയളവിലാണ് ഏലിയാ പ്രവാചകൻ പ്രത്യക്ഷപ്പെടുന്നതു്. താൻ രാജധാനിയിൽ ചെല്ലുകയും ജീവനുള്ള ദൈവത്തെയാണ് സേവിക്കുന്നതു എന്നും യഹോവായുടെ അരുളപ്പാടു് ഉണ്ടായിട്ടു് താൻ വന്നതാണെന്നും രാജാവിനെ അറിയിച്ചു.

ഏലിയാവു് ധൈര്യമായിട്ടു പറയുകയാണ്: 'ഈ ആണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല.'

ഇത്രയും പറഞ്ഞതിനുശേഷം ഏലിയാ അവിടെ നിന്നു പോയി യോർദ്ദാന്നു കിഴക്കുള്ള കെരീത്തു തോടിന്നരികെ പോയി ഒളിച്ചു. അവിടെ ദൈവം അവനു ആഹാരം കാക്കയെകൊണ്ടു കൊടുപ്പിച്ചു എന്നു നാം ബൈബിളിൽ വായിക്കുന്നുണ്ടു്.

ദേശത്തു് മഴയില്ല, ക്ഷാമം അതികഠിനം, ഏലിയാ വെള്ളം കുടിച്ചിരുന്ന തോടു് വററിപ്പോയി. എന്തു

കൊണ്ടാണ് ദൈവം ആ തോട്ടിലെ വെള്ളവും ഇല്ലാതാക്കിയതു് ? ദൈവത്തിൽനിന്നു് നാം അനുഭവിക്കുന്ന അനുഗ്രഹങ്ങളെ മാത്രം ആശ്രയിക്കരുതു് എന്നുള്ളതിനു് ഒരു തെളിവാണു്. സൃഷ്ടികർത്താവിനെ നാം ഓർക്കണം.

ഏലിയാവെ ദൈവം മറന്നില്ല; അവനോടു് ദൈവം കല്പിക്കുന്നു 'സെറാഫാത്തിലേക്കു പോകുക' സെറാഫാത്തു് സീദോനിനു് അടുത്തുള്ള സമുദ്ര തീരപ്രദേശമാണു്.

അവിടെ ഒരു വിധവ വിറകു് പെറുക്കിക്കൊണ്ടു് നില്ക്കുന്നതു് അവൻ കണ്ടു. തനിക്കു കുടിപ്പാൻ കുറെ വെള്ളവും ഒരു കഷണം അപ്പവും തരണമേ എന്നു അപേക്ഷിച്ചു. അതിനു മറുപടിയായി അവൾക്കും അവളുടെ മകനും മാത്രം മതിയാകയൊള്ളു ഭരണിയിലുള്ള മാവു്, അതിനു ആദ്യം ഏലിയാവിക്കു് അപ്പം ഉണ്ടാക്കിത്തരുക എന്നു വീണ്ടും അവൻ കല്പിച്ചു. മടിക്കുടാതെ ആ വിധവ അപ്പം ഉണ്ടാക്കി ഏലിയാ പ്രവാചകനു കൊടുത്തു. അതിനു പ്രതിഫലമായി ഭൂമിയിൽ മഴ പെയ്യുന്ന നാൾ വരെ അവളുടെ കലത്തിലെ മാവു് തീർന്നുപോയില്ല.

ഏലിയാ പ്രവാചകൻ ഒരു ദൈവപുരുഷൻ എന്നു അവൾ മനസ്സിലാക്കി. അവൾ ദൈവപുരുഷനെ ബഹുമാനിക്കുകയും അനുസരിക്കുകയാണു് ചെയ്തതു്.

അധിക താമസമെന്യെ ആ സ്ത്രീയുടെ മകൻ മരിച്ചുപോയി. അവൾ ഏലിയാവിനോടു് ഏലിയാ അവിടെ വന്നതുകൊണ്ടാണൊ തന്റെ മകൻ മരിച്ചതു് എന്നു ചോദിച്ചു.

ഏലിയാ യഹോവയോടു് പ്രാർത്ഥിച്ചു. കുട്ടിയെ ജീവിപ്പിച്ചു അമ്മെക്കു് ഏല്പിച്ചുകൊടുത്തു.

ഡോക്ടർ ആദം ക്ലക്ക് പറയുന്നു: 'അവളുടെ പാപ ത്തിന്ന് ശിക്ഷയായിട്ടാണ് ആ കുട്ടി മരിച്ചതു്' എങ്കിലും ദൈവം അവളെ കടാക്ഷിച്ചിരിക്കുന്നു.

മൂന്നു വർഷം കഴിഞ്ഞു വീണ്ടും ഏലിയാവു് രാജാവിനെ കാണ്മാൻ പോയി. ഓബേദ്യ എന്നു പേരുള്ള രാജാവിന്റെ ഗവൎണ്ണരെ വഴിയിൽവെച്ചു ഏലിയാ കണ്ടു, ഈ ഉദ്യോഗസ്ഥനെപ്പററി പറയുന്നതു്: അവൻ സത്യ ദൈവത്തെ ആരാധിക്കുന്നവൻ ആയിരുന്നു. ഇസബേൽ ദൈവത്തിൻെറ പ്രവാചകന്മാരെ കൊല്ലുന്ന സമയത്തു് നൂറു് പ്രവാചകന്മാരെ അവർ അറിയാതെ ഒരു ഗുഹ യിൽ ഒളിപ്പിച്ചു് അവരെ രക്ഷപ്പെടുത്തിയതു് ഒബേദ്യ ആയിരുന്നു.

ഗവൎണ്ണർ രാജാവിൻെറ അടുത്തു് ഏലിയാ വന്ന കാൎയ്യം പറയുവാൻ മടിച്ചു. എന്നാൽ ഏലിയാ ധൈൎയ്യമായി രാജാവിനെ നേരിട്ടു കണ്ടു. രാജാവു് ഏലിയാവിനെ കണ്ടയുടനെ പറയുകയാണു്: 'നീയാണൊ യിസ്രായേലിനെ കഷ്ടപ്പെടുത്തുന്നവൻ ?' അതിനു മറുപടി 'ഞാനല്ല നീയും നിൻെറ പിതൃഭവനവുമത്രെ.' യിസ്രായേൽ മക്കളും രാജകുടുംബവും യഹോവയുടെ കല്പനകളെ ഉപേക്ഷിക്കുകയും ബാൽ വിഗ്രഹങ്ങളെ സേവിക്കുകയും ചെയ്തതുകൊണ്ടാണു് ഇതെല്ലാം സംഭവിച്ചതു്.

കൎമ്മേൽ പൎവ്വതത്തിൽ ഒരു പരിശോധന ഏലിയാവു നടത്തി. ബാൽ ദേവനാണൊ ഏലിയാവിൻെറ ദൈവത്തിനാണൊ ശക്തി എന്നു്. രണ്ടു കൂട്ടരും ബലി പീഠങ്ങൾ പണിതു യാഗങ്ങൾ അൎപ്പിച്ചു. ഏലിയാവിൻെറ ബലിപീഠത്തിൽ അകാശത്തുനിന്നു് അഗ്നി ഇറങ്ങി അവൻെറ യാഗത്തെ സ്വീകരിച്ചു. ബാലിൻെറ

ബലിപീഠത്തിനു് ഒന്നും സംഭവിച്ചില്ല. അങ്ങനെ ഏലിയാവിൻെറ പ്രാർത്ഥനയ്ക്കു് ഉത്തരമായി ദേശത്തു മഴ പെയ്തു.

ഏലിയാ ബാൽ പ്രവാചകന്മാരെ എല്ലാം കൊന്നു കളഞ്ഞു. ഈ വാർത്ത രാജാവിൻെറ ഭാര്യയുടെ ചെവിയിൽ എത്തി. ഏലിയാവിനെ പിടിപ്പാൻ അവൾ ആളുകളെ അയച്ചു. എന്നാൽ ഏലിയാ ഭയപ്പെട്ടു: ജീവരക്ഷയ്ക്കായി ബർശബായിൽ ഒരു ചൂരൽ ചെടിയുടെ തണലിൽ ചെന്നു ഇരുന്നു മരിപ്പാൻ ഇച്ഛിച്ചു.

പാലസ്റ്റിൻ നാട്ടിൽനിന്നു തൊണ്ണൂറു് മൈൽ അകലെയാണു് ബർശബാ. ഇത്ര ധൈര്യമുള്ള ഏലിയാ ഭയപ്പെട്ടുപോയി. ദൈവദക്തന്മാരുടെ വിശ്വാസം ചിലപ്പോൾ തണുത്തു പോകാറുണ്ടു് എന്നുള്ളതിൻെറ ഒരു പാഠമാണു് ഇവിടെ ഉണ്ടായതു്. പൂർവ്വ പിതാവായ അബ്രഹാം മിസ്രയീമിൽവെച്ചു കള്ളം പറഞ്ഞു. മോശെ വളരെ ക്ഷമയുള്ള ആളായിരുന്നിട്ടും അല്പം കോപിച്ചതിൻെറ അനന്തര ഫലം കനാൻദേശം കാണുവാൻ സാധിച്ചില്ല.. അപ്പോൾ ഏലിയാവിൻെറ ബലഹീനതയും ക്ഷമിക്കാവുന്നതാണു്.

ശത്രുവായ പിശാചു് നമ്മെ ഏതു അവസരത്തിലാണു് പരീക്ഷിപ്പാൻ അവസരം നോക്കി നടക്കുന്നതു്? ബലഹീനവശങ്ങളിൽകൂടി അവൻ നമ്മെ പിടികൂടുകയാണു് പതിവു്.

നമ്മുടെ വീഴ്ച താഴ്ചകൾ ദൈവം അറിയുന്നുണ്ടു്. ദൈവം ഹൃദയങ്ങളെ അറിയുകയും കരുണ കാണിക്കുകയും ചെയ്യുന്നു.

"അങ്ങനെ അവൻ ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങുമ്പോൾ ഒരു ദൂതൻ അവനെ തട്ടി ഉണർത്തി. കന

ലിൽ ചുട്ട അപ്പവും ഒരു തുരുത്തി വെള്ളവും കൊടുത്തു. യഹോവയുടെ ആഹാരത്തിൻെറ ശക്തികൊണ്ടു് നാല്പതു ദിവസം നടന്നു ഹോരേബ് പർവ്വതത്തോളം ചെന്നു. അവിടെ അവൻ ഒരു ഗുഹയിൽ കടന്നു രാപാർത്തു. അപ്പോൾ അവനു യഹോവയുടെ അരുളപ്പാടു് ഉണ്ടായതു്: "ഏലിയാവെ, ഇവിടെ നിനക്കു് എന്തു കാര്യം എന്നു ചോദിച്ചു."

ഇതേ ചോദ്യം എത്ര പ്രാവശ്യം ദൈവം നമ്മോടും ചോദിച്ചിട്ടുണ്ടു്. ഒരു ക്രിസ്ത്യാനി സിനിമാ അല്ലെങ്കിൽ വെറിക്കൂത്തു് കാണാൻ പോകുന്നെങ്കിൽ, മദ്യഷാപ്പിൽ പോകുന്നു എങ്കിൽ, അല്ല ദുഷ്ടകൂട്ടുകെട്ടിൽ കണ്ടു എങ്കിൽ ഇവിടെ നിനക്കു് എന്തു കാര്യം എന്ന ചോദ്യം ചോദിക്കപ്പെടുകയില്ലയോ?

അവനു ജീവഹാനി വരുത്തുവാൻ രാജ്ഞി ശ്രമിക്കുന്നതുകൊണ്ടു് ഏലിയാ അവിടെ ഒളിച്ചു ഇരുന്നതാണു്.

യഹോവ അവനോടു "യിസ്രായേലിലേക്കു മടങ്ങിപ്പോകുക, അവിടെ ചെന്നു രാജാവിനെയും പിൻഗാമിയായിട്ടു് ഏലിശാ പ്രവാചകനേയും അഭിഷേകം ചെയ്യുക" എന്നു കല്പിച്ചു.

അങ്ങനെ അവൻ ഏലിശായെ കണ്ടെത്തി. അവൻ വയലിൽ കൃഷിപ്പണിയിൽ ഏർപ്പെട്ടിരുന്നു. അവൻെറ ദേഹത്തു് ഏലിയായുടെ പുതപ്പു് ഇട്ടു. അപ്പോൾ ഏലിശാ അവനെ പിന്തുടന്നു് അവന്റെ ശുശ്രൂഷകനായിത്തീന്നു.

ആഹാബ് രാജാവിനു് ഒരു മോഹം. അരമനയുടെ അടുത്തു നാബോത്തിൻെറ തോട്ടം അവനു വേണം. അവന്റെ ആ തോട്ടം കൊടുക്കുവാൻ നാബോത്തിനു് അശേഷം

ഇഷ്ടമില്ലായിരുന്നു. രാജാവു് നാബോത്തിനെ ആളയച്ചു കൊന്നു. ആ തോട്ടം രാജാവു് ചീരത്തോട്ടമാക്കി മാററിക്കഴിഞ്ഞു.

ഈ കാര്യം ദൈവത്തിനു് ഇഷ്ടമില്ലാത്തതിനാൽ ഏലിയാവിനെ രാജാവിൻെറ അട്ടക്കലേക്കു് അയച്ചു പറയിച്ചതു ''നായ്ക്കൾ നാബോത്തിൻെറ രക്തം നക്കിയ സ്ഥലത്തുവെച്ചുതന്നെ നിൻെറ രക്തവും നക്കിക്കളയും.'' ഇസബേൽ രാജ്ഞിയെക്കുറിച്ചും യഹോവ അപ്രകാരം തന്നെ പറഞ്ഞു. അതുപോലെ ഇരുവരും മരിച്ചുപോയി.

ഏലിയാവും ഏലിശയും പല സ്ഥലങ്ങളിലും ചുറ്റി നടന്നതിനുശേഷം യോർദ്ദാൻ നദിയുടെ കരയിൽ വന്നു. ഏലിയാ പുതപ്പെട്ടുത്തു വെള്ളത്തെ അടിച്ചു വെള്ളം മതിൽപോലെ അങ്ങോട്ടും ഇങ്ങോട്ടും മാറി. അവർ ഇരുവരും ഉണങ്ങിയ നിലത്തുകൂടി അക്കരെ കടന്നു. ഏലിയാവിനെ സ്വർഗ്ഗത്തിലേക്കു് ഉടലോടെ ദൈവം എട്ടക്കാൻ പോകുന്ന കാര്യം ഏലിയാവിനു് അറിയാമായിരുന്നു. ''ഏലിയാവു് ഏലിശായോട്ടു് ഞാൻ നിങ്കൽനിന്നു് എട്ടുത്തുകൊള്ളപ്പെട്ടംമുമ്പെ നിനക്കു ഞാൻ എന്തു ചെയ്യു തരണം എന്നു ചോദിച്ചതിനു് നിൻെറ ആത്മാവിൽ ഇരട്ടിപങ്കു് എൻെറ മേൽ വരുമാറാകട്ടെ'' എന്നു് ഏലിശാ പറഞ്ഞു.

അവർ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ അഗ്നിരഥവും അഗ്നി അശ്വങ്ങളും വന്നു അവരെ തമ്മിൽ വേർപിരിച്ചു. അങ്ങനെ ഏലിയാവു ചുഴലിക്കാററിൽ സ്വർഗ്ഗത്തിലേക്കു കയറി.

ഏലിയാവിന്റെ ദൂതു ധൈര്യത്തോടെ രാജാക്കന്മാരെ അവരുടെ തെററിനെ ചോദ്യം ചെയ്യുന്ന ഒന്നായിരുന്നു.

കൎത്താവിൻെറ രണ്ടാമത്തെ വരവിൽ വിശുദ്ധന്മാർ മറുരൂപപ്പെട്ട മേഘങ്ങളിൽ എടുത്തുകൊള്ളപ്പെട്ടതിൻെറ ഒരു മുൻകുറിയാണു് ഏലിയാവിന്റെ സ്വർഗ്ഗാരോഹണം.

"Fear God, and give glory to Him;
For the hour of His gudgment is come;
And worship Him that made heaven
And earth, and the sea and the fountain's
of waters."

(Rev. 14: 7.)

# 8. അവസാനത്തെ അപ്പൊസ്തലൻ

യേശുക്രിസ്തുവിൻെറ ശിഷ്യന്മാരിൽ വയസ്സു ചെന്ന വനായി ജീവിച്ചു മരിച്ചതു യോഹന്നാൻ അപ്പൊസ്തലനായിരുന്നു. യെരുശലേം ദേവാലയത്തിൻെറ നാശം കണ്ടവനാണ്. രക്ഷകനുമായി അവൻ വളരെ അടുത്തു പെരുമാറിയിട്ടുള്ളവനുമാണ്. ക്രിസ്തു മശിഹാ എന്നു പ്രസ്താവിക്കുന്ന അവൻെറ സാക്ഷി മനുഷ്യരുടെ ഇടയിൽ വളരെ പ്രേരണ ചെലുത്തിയിരുന്നു.

യേശുക്രിസ്തുവിൻെറ നാമത്തിൽ യോഹന്നാന് അചഞ്ചലമായ വിശ്വാസമുള്ളതിനാൽ യഹൂദ പ്രമാണികൾക്ക് അവനോടു കഠിനമായ വിദ്വേഷം ഉണ്ടായി. യോഹന്നാൻെറ സാക്ഷി മനുഷ്യരുടെ ചെവിയിൽ മുഴങ്ങുന്നടത്തോളം കാലം ക്രിസ്ത്യാനികൾക്കു എതിരെയുള്ള അവരുടെ പ്രകടനം ഫലവത്താകുകയില്ല എന്നു ശത്രുക്കൾ നിശ്ചയിച്ചു കഴിഞ്ഞു. അവൻെറ ശബ്ദം മന്ദമാക്കിയിരുന്നെങ്കിൽ യേശുവിൻെറ അതിശയ പ്രവൃത്തികളും യേശുവിൻെറ പഠിപ്പിക്കലും ജനങ്ങൾ മറന്നു പോകാൻ സാദ്ധ്യത ഉണ്ടു് എന്നു യഹൂദന്മാർ വിചാരിച്ചു.

അവൻെറ വിശ്വാസം സംബന്ധിച്ചു് വിസ്തരിക്കുന്നതിനായി റോമിലേക്കു് അവനെ അയച്ചു. അപ്പൊസ്തല ഉപദേശങ്ങൾ തെററായ വിധത്തിൽ അധികാരികളെ യഹൂദന്മാർ മനസ്സിലാക്കിക്കഴിഞ്ഞു. കേസ്സിനു് ആധാരമായിട്ടു് അവർ കള്ളസാക്ഷികളെ ഉണ്ടാക്കി. എന്നാൽ

യോഹന്നാൻ വളരെ തെളിവായി അധികാരികളുടെ മുമ്പാകെ ഉത്തരം നല്കി. യോഹന്നാൻ അധികാരികളെ പഠിപ്പിച്ചു മനസ്സിലാക്കുമ്പോൾ കൂട്ടതലായിട്ട യഹൂദന്മാരുടെ വിദ്വേഷവും വർദ്ധമാനമായിത്തീൎന്നു. ഡൊമിഷ്യൻ ചക്രവൎത്തിക്കു് കോപം ഉണ്ടായി. സത്യത്തെക്കുറിച്ചുള്ള ക്രിസ്തുവിൻെറ വിശ്വസ്ത അദ്ധ്യക്ഷൻെറ ശബ്ദത്തെ മന്ദമാക്കുന്നതിനു കോർട്ടിൽ കൂടിയ ഒരുത്തൎക്കും സാധിച്ചില്ല. ആയതിനാൽ അവനെ മിണ്ടാതാക്കാൻ ചക്രവൎത്തി നിശ്ചയിച്ചു.

കുട്ടകത്തിൻെറ അകത്തു് തിളച്ചുകിടന്ന എണ്ണയിലേക്കു് യോഹന്നാനെ എറിയപ്പെട്ടു. എന്നാൽ ദൈവം എബ്രായ ബാലന്മാരെ തീയിൽനിന്നു രക്ഷിച്ചതുപോലെ അവൻെറ വിശ്വസ്ത ദാസൻെറ ജീവനെ അവൻ രക്ഷിച്ചു. യോഹന്നാൻ സാക്ഷീകരിക്കുന്നതു "എൻെറ യജമാനൻ ലോകത്തെ രക്ഷിപ്പാൻ അവൻെറ ജീവനെ കൊടുത്തു, അവനുവേണ്ടി എന്തു കഷ്ടവും സഹിക്കുവാൻ ഞാൻ തയ്യാർ. ഞാൻ പാപിയായ മനുഷ്യൻ. ക്രിസ്തു പരിശുദ്ധൻ, അവൻ പാപം ഒന്നും ചെയ്തിട്ടില്ല," എണ്ണയിൽ യോഹന്നാനെ ഇട്ടവർതന്നെ അവനെ അവിടെനിന്നു മാററി.

"ദൈവവചനവും ക്രിസ്തുവിൻെറ സാക്ഷ്യം നിമിത്തവും" പത്മോസ് ദ്വീപിലേക്കു പിന്നീട്ടു് നാടുകടത്തപ്പെട്ടു. അവൻെറ ശത്രുക്കൾ വിചാരിച്ചതു് അപ്പൊസ്തലൻ ആ ദ്വീപിൽ പട്ടിണികിടന്നു മരിക്കുമെന്നായിരുന്നു.

കുററവാളികളെ നാടുകടത്തുന്നതിനു് ഉപയോഗപ്പെടുത്തിയിരുന്ന ഏയിജിയൻ കടലിലെ ഒരു ദ്വീപാണു് പത്മോസ്. എന്നാൽ ദൈവദാസനു് ഈ നിൎജ്ജന

സ്ഥലം സ്വർഗ്ഗവാതിലായിത്തീൎന്നു. ഇവിടെ ലോകത്തിലെ ബഹളത്തിൽനിന്നു മാറി ദൈവവുമായി സംസാരിക്കുന്നതിനുള്ള സൗകര്യമാണു് അവനുണ്ടായതു്. ഭാവികാലത്തു സഭയ്ക്കുള്ള ഉപദേശങ്ങൾ ദൈവത്തിൽനിന്നു അവനു ലഭിച്ചു.

പത്മോസിലെ പാറക്കൂട്ടങ്ങളുടെ വിടവുകളിൽ ഇരുന്നു അവൻ പ്രാൎത്ഥിച്ചു. അവൻെറ കഴിഞ്ഞകാല ജീവിതം പുനർചിന്തിച്ചു. അവനു് കഴിഞ്ഞകാലത്തു് ലഭിച്ചിരുന്ന അനുഗ്രഹം ഓൎത്തു് അവൻെറ ഹൃദയം സമാധാനം കൊണ്ടു നിറഞ്ഞു. വേദപുസ്തകത്തിൻെറ അവസാന പുസ്തകമായ ക്രിസ്തുവിൻെറ വെളിപ്പാടു് പത്മോസ് ദ്വീപിൽവെച്ചു് എഴുതിയതാണു്

വയസ്സുചെന്നവരെ ദൈവത്തിൻെറ വേലയ്ക്കു് ദൈവം എടുത്തു ഉപയോഗിക്കുന്നതു് ഏതുവിധമാണെന്നുള്ള ഒരു ദൃഷ്ടാന്തമാണു് യോഹന്നാൻെറ ചരിത്രം.

ഏകദേശം നൂറുവയസ്സുള്ളവനായി പത്മോസ് ദ്വീപിൽവച്ചു് യോഹന്നാൻ മരിച്ചു എന്നാണു് ചരിത്രം നമ്മെ പഠിപ്പിക്കുന്നതു്.



Soldiers of Christ, arise
And put your armor on;
Fight, for the battle will be ours;
We fight to win a crown.

We fight not against flesh,
We wrestle not with blood;
But principalities and powers
And for the truth of God.

With wicked spirits, too,
That in high places stand,
Perverting oft the Word of God,
And say its by command.

Put all the armor on,
Like valiant Soldiers Stand;
Let all your loins be girt with truth,
Waiting our Lord; Command.

While Jesus is our friend,
And His rich grace Sulplies,
We'll march like valiant Soldiers on;
We 're sure to win the prize.

The battle's almost o'er;
The race in nearly run;
Then with our glorious, conquering King
We'll sit down on His Throne.

*Charles Wesley.*

# 9. ഒന്നാമത്തെ രക്തസാക്ഷി

ക്രിസ്തുവിനെ കൊലചെയ്ത യഹൂദപ്രമാണികൾ സഭാചരിത്രത്തിൻെറ ആദ്യകാലയളവിൽ വീണ്ടും ശിഷ്യന്മാരെ ഉപദ്രവിക്കുവാൻ തുടങ്ങി. ക്രിസ്തുവിൻെറ നാമത്തിൽ ഉപദേശിക്കരുതു് എന്നു അവർ കല്പിച്ചു. അതിനു പത്രൊസും ശേഷം അപ്പൊസ്തലന്മാരും പറഞ്ഞതു്: 'മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു.' ഇതു കേട്ടപ്പോൾ അവർ കോപാപരവശരായി അവരെ ഒടുക്കിക്കളവാൻ ഭാവിച്ചു. അപ്പോൾ സർവ്വജനത്തിനും ബഹുമാനമുള്ള ധർമ്മോപദേഷ്ടാവായ ഗമാലിയേൽ നിമിത്തം അപ്പൊസ്തലന്മാരെ ക്രൂരമായി ശിക്ഷിച്ചു അവരെ വിട്ടയച്ചു.

എന്നാൽ ക്രിസ്ത്യാനികൾ പെരുകി. ഉപദ്രവം വർദ്ധിച്ചു. സുവിശേഷം വളരെ ശക്തിയായി വ്യാപിച്ചു. ശിഷ്യന്മാർ കുറവായതിനാൽ സഭ ഭക്തിയുള്ള പുരുഷന്മാരെ സുവിശേഷഘോഷണത്തിനു തിരഞ്ഞെടുത്തു. ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള ഏഴുപേരെ സഭ തിരഞ്ഞെടുത്തു. അതിൽ ഒന്നാമൻ സ്തെഫാനോസ് ആയിരുന്നു. കൃപയും ശക്തിയും നിറഞ്ഞവനായി ജനത്തിനു ഇടയിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും അവൻ ചെയ്തുവന്നു.

അന്നത്തെ യഹൂദ ഉപദേഷ്ടാക്കന്മാർ സ്തെഫാനോസിനോടു വേദസംബന്ധമായി തർക്കിച്ചു. സ്തെഫാനോസിൻെറ ജ്ഞാനത്തോടു് അവർക്കു് എതിർത്തു് നില്പാൻ

കഴിഞ്ഞില്ല. അവർ ചില പുരുഷന്മാരെ വശത്താക്കി. സ്റ്റെഫാനോസ് ദൈവദൂഷണം പറയുന്നു എന്നു അവരെ കൊണ്ടു പറയിച്ചു. അങ്ങനെ യഹൂദ നേതാക്കന്മാരെ സ്റ്റെഫാനോസിനു് എതിരായി ഇളക്കി. സ്റ്റെഫാനോസിനെ പിടിച്ചു ന്യായാധിപസംഘത്തിൽ കൊണ്ടുപോയി. കള്ളസാക്ഷികളെ നിർത്തി: യഹൂദന്മാരുടെ വിശ്വാസത്തിനു എതിരായി അവർ ക്രൂശിച്ച നസറയനായ യേശുവിനെക്കുറിച്ചു പ്രസംഗിക്കുന്നു എന്നുമായിരുന്നു അവരുടെ ചാർജ്ജ്. ന്യായാധിപസംഘത്തിൽ ഇരുന്നവർ എല്ലാവരും സ്റ്റെഫാനോസിനെ സൂക്ഷിച്ചുനോക്കി. അവൻെറ മുഖം ഒരു ദൈവദൂതൻെറ മുഖംപോലെ അവർ കണ്ടു.

മഹാപുരോഹിതൻ അവനോടു്: 'ഇതു് ഉള്ളതു് തന്നെയൊ' എന്നു ചോദിച്ചതിനു അവൻ അതിനു മറുപടിയായി: 'അബ്രഹാം മുതൽ യേശുക്രിസ്തു വരെയുള്ള ചരിത്രം വ്യക്തമായി നല്ല ഒരു പ്രസംഗം അവൻ ചെയ്തു. (അപ്പൊ. പ്ര. ഏഴാം അദ്ധ്യായം വായിക്കുക).

'ശാഠ്യക്കാരും ഹൃദയത്തിനും ചെവിക്കും പരിച്ഛേദന ഇല്ലാത്തവരുമായുള്ളോരെ!

നിങ്ങളുടെ പിതാക്കന്മാരെപ്പോലെതന്നെ നിങ്ങളും എല്ലാപ്പോഴും പരിശുദ്ധാത്മാവിനോടു മറുത്തു നില്ക്കുന്നു. പ്രവാചകന്മാരിൽ ഏവനെ നിങ്ങളുടെ പിതാക്കന്മാർ ഉപദ്രവിക്കാതിരുന്നിട്ടുള്ളു? നീതിമാനായവൻെറ വരവിനെക്കുറിച്ചു് മുൻഅറിയിച്ചവരെ അവർ കൊന്നുകളഞ്ഞു. അവനു നിങ്ങൾ ഇപ്പോൾ ദ്രോഹികളും കൊലപാതകരും ആയിത്തീർന്നു; നിങ്ങൾ ദൈവദൂതന്മാരുടെ നിയോഗങ്ങളായി ന്യായപ്രമാണം പ്രാപിച്ചു എങ്കിലും അതു പ്രമാണിച്ചിട്ടില്ല.'

ഇത്രയും കേട്ടപ്പോൾ അവരുടെ കോപം വർദ്ധിച്ചു. അവനെ ഉപദ്രവിക്കാൻ തുടങ്ങി. സ്റ്റെഫാനോസ് പരശുദ്ധാത്മാവു് നിറഞ്ഞവനായി ആകാശത്തിലേക്കു നോക്കി, അവിടെ യേശു നില്ക്കുന്നതു അവൻ കണ്ടു എന്നു പറഞ്ഞു. ഉടനെ പുരുഷാരം അവൻെറ നേരെ പാഞ്ഞു ചെന്നു അവനെ നഗരത്തിൽനിന്നു തള്ളി പുറത്താക്കി കല്ലെറിഞ്ഞു. അപ്പോഴും സ്റ്റെഫാനോസ് ശത്രുക്കൾക്കു വേണ്ടി പ്രാർത്ഥിക്കുകയാണു്. അവൻെറ പ്രാർത്ഥന താഴെ വരുംപ്രകാരമാണു്:

'കർത്താവായ യേശുവെ എൻെറ ആത്മാവിനെ കൈക്കൊള്ളേണമെ, അവക്കു് ഈ പാപം നിറുത്തരുതെ' എന്നു് ഉച്ചത്തിൽ നിലവിളിച്ചു പ്രാർത്ഥിച്ചു.

ഇത്രയും പറഞ്ഞു തീർന്നു് അവൻെറ ആത്മാവിനെ ദൈവത്തിൽ ഭരമേല്പിച്ചു.

അവനെ കല്ലെറിഞ്ഞവരുടെ വസ്ത്രം ശൗൽ എന്നു പേരുള്ള ഒരു ബാല്യക്കാരൻെറ കാല്ക്കൽ സൂക്ഷിപ്പാൻ കൊടുത്തിരുന്നു. സ്റ്റെഫാനോസിൻെറ മരണവേദനയും പ്രാർത്ഥനയും മരണവും അവൻ ഒരു ദൃക്സാക്ഷിയായി തീർന്നു.

തർസ്സോസിലെ ശൗൽ ഈ നല്ല മനുഷ്യൻെറ മരണം കണ്ടതിനാൽ പിന്നീടു് പഴയ ശൗൽ ആകുവാൻ അവനു സാധിച്ചില്ല. സ്റ്റെഫാനോസ് ഈ തരത്തിലുള്ള മരണം അനുഭവിച്ചില്ലായിരുന്നെങ്കിൽ വലിയ അപ്പൊസ്തലനായ പൌലൊസിനെ ക്രിസ്തീയ സഭക്കു് കിട്ടുകയില്ലായിരുന്നു. ക്രിസ്തീയസഭ പൌലൊസിനെ വെറുക്കുകയും ചെയ്യുമായിരുന്നു.

സ്തെഫാനോസ് കൃപയും ശക്തിയും നിറഞ്ഞവനായിരുന്നു. ആദ്യസഭ മൂപ്പന്മാരെ തിരഞ്ഞെടുത്തവരിൽ അഗ്രഗണ്യൻ സ്തെഫാനോസ് ആയിരുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്തെഫാനോസ് അനേകം അത്ഭുതപ്രവൃത്തികൾ ചെയ്തു എന്നു മാത്രമെ വേദപുസ്തകം പറയുന്നുള്ളു. രേഖകളില്ല.

'ഈ മനുഷ്യനെപ്പോലെ ആരും സംസാരിച്ചിട്ടില്ല' എന്നു യേശുവിനെക്കുറിച്ചു പറയുന്നു.

'സ്തെഫാനോസ് സംസാരിച്ച ജ്ഞാനത്തോട് എതിർത്തു നില്പാൻ ആർക്കും കഴിഞ്ഞിട്ടില്ല.

സന്നിദ്രീംസംഘത്തിലേക്കു യേശുവിനെ വലിച്ച് ഇഴച്ചു കൊണ്ടുവന്നു.

ഇതെ സംഘത്തിൻെറ മുമ്പാകെ സ്തെഫാനോസിനെ കൊണ്ടുവന്നു.

യേശുവിൻെറ നേരെ ഉപയോഗിച്ച അതെ സാങ്കേ ... ...നോസിൻെറ നേരെയും കള്ളസാക്ഷി ...ിക്കുന്നു. തൻെറ യജ

അന്ത്യം പരുപരുത്ത കല്ലുകൊണ്ടുള്ള ഏറൽ അഥവാ കൽമഴ തന്നെയായിരുന്നു.

തൻെറ യജമാനനെപ്പോലെ ശത്രുക്കൾക്കുവേണ്ടി മരണസമയത്ത് സ്തേഫാനോസ് പ്രാത്ഥിച്ചു.

ശരിയായ ക്രിസ്ത്യാനിയുടെ ലക്ഷണമാണു നാം സ്തേഫാനോസിൽ കാണുന്നതു്. പിന്നീട്ടുള്ള രക്തസാക്ഷികൾ സ്തേഫാനോസിൻെറ മാതൃകയെ പിന്തുടരുകയാണു ചെയ്തതു്. ദൈവം തൻെറ കുഞ്ഞുങ്ങളെ ഒരുകാലത്തും മറക്കുന്നില്ല. ജയിലുകളിൽ ദൈവകുഞ്ഞുങ്ങൾ അടയ്ക്കപ്പെട്ടാലും ദൈവം അവരുമായിട്ടുള്ള ബന്ധം വിച്ഛേദിക്കുന്നില്ല.

നമ്മുടെ ബലഹീനതയ്ക്കു തക്ക തുണ അവൻ നല്കുന്നു. സ്വർഗ്ഗത്തിൽനിന്നു സമാധാനവും പ്രകാശവും തൻെറ ദൂതന്മാർ മുഖാന്തരം അയച്ചു് തൻെറ കുഞ്ഞുങ്ങളെ സഹായിക്കുന്നു.

"ആകയാൽ സ്വർഗ്ഗവും അതിൽ വസിക്കുന്നവരുമായുള്ളോരെ, ആനന്ദിപ്പിൻ; ഭൂമിക്കും സമുദ്രത്തിനും അയ്യോ കഷ്ടം, പിശാചു് തനിക്കു് അല്പകാലമെയുള്ളു എന്നു് അറിഞ്ഞു മഹാ ക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു" (വെളി. 12: 12).

"എൻെറ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ടു് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു് സന്തോഷിച്ചു് ഉല്ലസിപ്പിൻ, നിങ്ങൾക്കു് മുമ്പേയുണ്ടായിരുന്ന പ്രവാചകന്മാരേയും അവർ അങ്ങനെ തന്നെ ഉപദ്രവിച്ചുവല്ലോ" (മത്താ. 5: 11, 12).

1. ക്രിസ്ത്യ സൈന്യമേ ! വാ ! പോരിൽ നിരയായ്
മുമ്പെ പോയ യേശു തന്നെ നോക്കീടിൻ
ക്രിസ്തുരാജൻ ഇപ്പോൾ വൈരികൾക്കെതിർ
മുമ്പോട്ടെത്തി പോരിൽ കാണ്മിൻ, തൻ കൊടി
ക്രിസ്ത്യ സൈന്യമേ ! വാ ! പോരിൽ നിരയായ്
മുമ്പെ പോയ യേശു തന്നെ നോക്കീടിൻ.

2. സാത്താൻ സേന എല്ലാം പാഞ്ഞോടുന്നു കാൺ
മുന്നോട്ടോടി എത്തീൻ ക്രിസ്ത്യ സൈന്യമേ !
പാതാളം ഇളകി ജയഭേരിയാൽ
ഘോഷിച്ചാനന്ദിപ്പിൻ പാടീൻ ഉച്ചത്തിൽ
ക്രിസ്ത്യ സൈന്യമേ ! വാ !—

3. വൻസേനയെ പോലെ പോകുന്നീ സഭ
ശുദ്ധർ പോയ മാർഗ്ഗേ നാമും പോകുന്നു.
നാം ഏവരും ഏകം ഏക ശരീരം
സ്നേഹം ആശാബന്ധം എന്നതിൽ ഏകം,
ക്രിസ്ത്യ സൈന്യമേ ! വാ !—

4. ലോകരാജ്യം എല്ലാം പോകും ഇല്ലാതായ്
ക്രിസ്തുസഭ എന്നും എന്നും ഇരിക്കും
നരകത്തിൻ വാതിൽ എതിരായ് വരാ
എന്നു ചൊന്ന വാക്കു മാററമില്ലാതാം
ക്രിസ്ത്യ സൈന്യമേ ! വാ !—

5. ഹേ ജനമേ ! മുമ്പോ(ട്ട്) ഓടി വന്നീടിൻ
ഈ കൂട്ടത്തോടൊന്നിച്ചാനന്ദിച്ചിടിൻ
മഹത്വം സ്തുതിയും മാനം എന്നിവ
യേശുരാജനെന്നും ആയിരിക്കട്ടെ.
ക്രിസ്ത്യ സൈന്യമേ ! വാ !—

# 10. ധീരനായ യുവാവ്

ഒരു കർഷകവനിതയുടെ പുത്രനായി അപ്രസിദ്ധമായ ഒരു ഗ്രാമത്തിൽ ജനിച്ച ഒരു യുവാവുണ്ട്. അദ്ദേഹം മറെറാരു ഗ്രാമത്തിൽ വളന്നു. മുപ്പതു വയസ്സാകുന്നതുവരെ ഒരു മരപ്പണിക്കാരൻെറ തൊഴിൽശാലയിൽ അദ്ദേഹം വേലചെയ്തു. അനന്തരം മൂന്നുകൊല്ലം സഞ്ചരിച്ചുകൊണ്ടു പ്രസംഗിച്ചു. ഒരു പുസ്തകവും എഴുതീട്ടില്ല. ഒരു ഉദ്യോഗത്തിലിരുന്നിട്ടുമില്ല. അദ്ദേഹത്തിനു സ്വന്തമായിട്ടു ഒരു വീടില്ലായിരുന്നു, കുടുംബവുമില്ലായിരുന്നു. കോളജിൽ പഠിച്ചിട്ടില്ല. വലിയ നഗരത്തിൽ കാൽ എടുത്തു കുത്തിയിട്ടില്ല. താൻ ജനിച്ച ഗ്രാമത്തിൽനിന്നു ഇരുനൂറു മൈൽ ദൂരത്തു പോയിട്ടില്ല. മഹത്വം സൂചിപ്പിക്കുന്നു എന്നു സാധാരണയായി ഗണിക്കപ്പെടുന്ന കാര്യങ്ങളിൽ ഒന്നുപോലും ചെയ്തിട്ടില്ല. താൻ പറയുന്നതു മറ്റുള്ളവർ വിശ്വസിക്കാൻ തെളിവായി ചൂണ്ടിക്കാണിക്കുന്നതിനു താൻ തന്നെയല്ലാതെ മറെറാന്നും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല.

യുവാവായിരിക്കുമ്പോൾതന്നെ പൊതുജനാഭിപ്രായം അദ്ദേഹത്തിനെതിരായി ശക്തിപ്പെട്ടു. മിത്രങ്ങൾ ഉപേക്ഷിച്ചുകൊണ്ടോടിപ്പോയി. അദ്ദേഹം ശത്രുക്കൾക്ക് ഏല്പിക്കപ്പെട്ടു. അദ്ദേഹത്തിൻെറ പേരിൽ ഒരു വിചാരണപ്രഹസനം നടന്നു. രണ്ടു കള്ളന്മാരുടെ മദ്ധ്യത്തിൽ കുരിശിൽ ആണികൊണ്ടു് തറച്ചു് അദ്ദേഹത്തെ തൂക്കി. കുരിശിൽ കിടന്നു മരിക്കവെ, ലോകത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഒരേ ഒരു മുതൽ ആയിരുന്ന പുറംകുപ്പായം

പന്തയംവച്ചു് ഘാതകന്മാർ, അതായതു് റോമാ പടയാളികൾ ചൂതുകളിച്ചു. അദ്ദേഹം മരിച്ചപ്പോൾ ഒരു സ്നേഹിതൻ സഹതാപപൂർവ്വം വിട്ടുകൊടുത്ത ഒരു ശവകുടീരത്തിൽ ആണു് മൃതദേഹം സംസ്കരിച്ചതു്.

അതിനുശേഷം പത്തൊൻപതു നൂററാണ്ടുകൾ കടന്നു പോയിരിക്കുന്നു. അദ്ദേഹം ഇന്നു മനുഷ്യരാശിയുടെ കേന്ദ്രവ്യക്തിയും പുരോഗമനശക്തികളുടെ നേതാവും ആണു്.

യുദ്ധരംഗങ്ങളിലേക്കു നീങ്ങിയ എല്ലാ കരസൈന്യങ്ങളും ഇതേവരെ സംഘടിപ്പിച്ചിട്ടുള്ള എല്ലാ നാവികസേനകളും, കാര്യവിചാരത്തിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ ജനപ്രതിനിധികളും, കിരീടം ധരിച്ചിട്ടുള്ള എല്ലാ രാജാക്കന്മാരുംകൂടി ഭൂമിയിൽ മനുഷ്യജീവിതത്തിൽ പ്രയോഗിച്ചിട്ടുള്ളതിൽ കൂടുതൽ സ്വാധീനശക്തി മുൻപറഞ്ഞ ഒരു വ്യക്തിയുടെ ജീവിതം പ്രയോഗിച്ചിട്ടുള്ളതുകൊണ്ടു് അദ്ദേഹം അവതാരപുരുഷനായിരുന്നു എന്നു പറയുന്നതു് തികച്ചും ശരിയാണു്.

## Thanksgiving

I am glad; all the winds are glad
  For the sun is bright above;
I am glad : all the seas are glad;
  They are swept by the tides of love :
For the Father above looks down
  Over mountain and vale and sea
Over the prairie and waste and town,
  And He looks in love on me.

I am Glad all the stars are glad,
  And they travel the wondrous arch
Of the temple blue and vast,
  And they keep the restless march
Like a clock that will never stop,
  Like a song that will never still,
For I follow the Infinite,
  And obey His sovereign will.

I am glad ; all my heart is glad ;
  For the Son of God above
  ... to the earth to the hearts He made
  ... His love ;

"Even Youths Shall faint and be weary,
and young men shall fall exhausted;
But they who wait for the Lord
Shall renew their strength,

They shall mount up with wings
like eagles,
They shall run and not be weary,
they shall walk and not fait."

Isaiah 40 : 30, 31.

## A Message

"Lord, help me live from day to day
In such a self for getful way
That even when I kneel to pray,
My prayer shall be for......others."

"Help me in all the work I do
To ever be sincere and true.
And know that all I'd do for you,
Must needs be done for—others."

"Others, Lord, yes, others
Let this my motto be.
Help me to live for others,
That I may live like thee."

Christavashram Press, Manganam

# കുടുംബദീപം

## വിശ്വദീപ്തിയുമായി സംയോജിപ്പിച്ചത്

———— മതസാംസ്കാരിക മാസിക

**തേവര, കൊച്ചി-13**

**ഫോൺ: 33341**

**വാർഷികവരിസംഖ്യ നാലര രൂപ മുൻകൂർ**

(വാർഷികപ്പതിപ്പുൾപ്പെടെ 12 ലക്കത്തിൻെറ വില)

ഇന്നുതന്നെ പണം മണിയോർഡർ ചെയ്യുക.

— എല്ലാ മാസത്തിൻെറയും ഒന്നാം തീയതി പ്രസിദ്ധീകരിക്കുന്നു.

— കുമാരീകുമാരന്മാർക്കും യുവതീയുവാക്കന്മാർക്കും കുടുംബജീവിതക്കാർക്കുംവേണ്ടി പ്രത്യേകം പംക്തികൾ.

— കുട്ടികൾക്ക് മത്സരങ്ങളും സമ്മാനങ്ങളും.

— എല്ലാ ലക്കത്തിലും ബൈബിൾ ചിത്രങ്ങൾ— ബൈബിളിൻെറ അന്തസ്സത്ത വെളിപ്പെടുത്തുന്ന ഉജ്ജ്വല ലേഖനങ്ങൾ.

— സാഹിത്യവേദി, വളരുന്ന ശാസ്ത്രം, ചർച്ചായോഗങ്ങൾ, കാർട്ടൂൺ തുടങ്ങിയവ.

— നോവൽ, ചെറുകഥ, കവിത...

— ഡിസംബറിൽ വിഭവസമ്പന്നമായ വാർഷികപ്പതിപ്പ്.



/220.92
PUT

ബൈബിളിലെ

# വീര ജവാന്മാർ

Indic Digital Archive Foundation
gpura.org